## ചെങ്ങളം സെന്റ് ആന്റണീസ് ഇടവക - ചരിത്ര വഴികളിലൂടെ

കേരളത്തിലെ പ്രശസ്തമായ ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള ചെങ്ങളം സെന്റ് ആൻണീസ് ദൈവാലയം. കോട്ടയം ജില്ലയിലെ പള്ളിക്കത്തോട്, അകലക്കുന്നം എലിക്കുളം പഞ്ചാത്തുകളിൽ ഉൾപ്പെടുന്ന ചെങ്ങളം ഗ്രാമം അത്ഭുത പ്രവർത്തകനായ വി. അന്തോണീസിന്റെ മദ്ധ്യസ്ഥതയിലുള്ള ദൈവാലയ സാന്നിദ്ധ്യം കൊണ്ട് 'കേരളത്തിന്റെ പാദുവ' എന്ന അപരനാമത്തിലാണ് അറിയപ്പെടുന്നത്. പള്ളിയുടെ ആരംഭകാലം മുതൽ തന്നെ വി. അന്തോണീസിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് അനേകമാളുകൾ ചെങ്ങളത്തോയ്ക്ക് തീർത്ഥാടനം നടത്തിയിരുന്നു.

വന്യമൃഗങ്ങളുടെ വിഹാര രംഗമായിരുന്ന വനപ്രദേശമായിരുന്നു ഒന്നര നൂറ്റാണ്ടുമുൻപ് ചെങ്ങളം. രാജഭരണകാലത്ത് കോവിലകം (തിരുവാർപ്പ് ദേവസ്വം) വകയായിരുന്ന ഈ പ്രദേശത്ത് ആണ്ടിലൊരിക്കൽ ഹോമം നടത്തിയിരുന്നു. അതിനാവശ്യമായ ജലം സംഭരിക്കുവാനായി ചെങ്കല്ലിൽ വെട്ടിയ ഒരു കളമുണ്ടാക്കി. അതിനാൽ ഈ സ്ഥലം 'ചെങ്കൽകുളം' എന്നും കാലാന്തരത്തിൽ 'ചെങ്കളം' എന്നും അറിയപ്പെട്ടു. പിന്നീടതു ചെങ്ങളമായി മാറിയെന്നാണ് കരുതുന്നത്. ചേർപ്പുങ്കൽ, പാല, മുത്തോലി, പൂവരണി, ഇടമറ്റം, കൊഴുവനാൽ, ആനിക്കാട് പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തിട്ടുള്ളവരാണ് ചെങ്ങളത്തെ ആദ്യകാലസ്ഥലവാസികളിൽ ഭൂരിഭാഗവും.

1912 - ൽ ചെങ്ങളം നിവാസികളായ ഏതാനും പേർ ചെങ്ങളത്ത് ഒരു കുരിശുപള്ളി സ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യവുമായി അന്നത്തെ ആനിക്കാട്പള്ളി വികാരിയായിരുന്ന ഫാ. ജോസഫ് കൊച്ചയങ്കനാലിനെ സമീപിച്ചു. അന്ന് ഈ പ്രദേശത്തുള്ളവർ പരിശുദ്ധ കന്യാമാതാവിന്റെ നാമത്തിലുള്ള ആനിക്കാടുപള്ളി ഇടവകയായിരുന്നു. അവരിൽ വലിയപറമ്പിൽ കരോട്ട് വർക്കി പോത്തൻ, തച്ചപറമ്പത്ത് അവിരാ മാത്യു എന്നിവരായിരുന്നു കുരിശുപള്ളി സ്ഥാപനത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചത്. കുരിശുപള്ളി സ്ഥാപനവുമായി ബന്ധപ്പെട്ട പ്രാരംഭ കാര്യങ്ങൾ നറുക്കിട്ടാണ് തീരുമാനിച്ചത്. കുരിശുപള്ളി വി. അന്തോനീസിന്റെ നാമത്തിലായിരിക്കണമെന്നും സ്ഥാപിക്കുന്ന കുരിശ് കാഞ്ഞിരത്തടികൊണ്ട് നിർമ്മിച്ചതാവണമെന്നും തീരുമാനമെടുത്തത് അപ്രകാരമാണ്.

കുരിശുപള്ളി സ്ഥാപിക്കുന്നതിന് ആനിക്കാടുപള്ളി വികാരിയുടെ അംഗീകാരം ലഭിച്ചതോടെ പള്ളിക്കാവശ്യമായ സ്ഥലം തച്ചപറമ്പ് ശ്രീ അവിരാ മാത്യു ദാനം ചെയ്യുവാൻ തയ്യാറായി. തന്റെ കുടുംബത്തിന് വേണ്ടി ആണ്ടിൽ രണ്ട് കുർബാന ചൊല്ലണം എന്ന വ്യവസ്ഥയിലാണ് സ്ഥലം ദാനം ചെയ്തതും ആനിക്കാട് പള്ളിക്ക് തീറെഴുതിക്കൊടുത്തതും.

**പള്ളിക്ക് അനുവാദം**

ചെങ്ങളത്ത് കുരിശുപള്ളി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ച് അനുവാദം നൽകിയത് അന്നത്തെ ചങ്ങനാശ്ശേരി മെത്രാനായിരുന്ന മാർ തോമസ് കുര്യാളശ്ശേരിയാണ്. ഗവൺമെന്റിൽ നിന്നുകൂടി വേണ്ട അനുവാദം വാങ്ങിക്കൊള്ളണമെന്ന നിർദ്ദേശത്തോടെയാണ് അനുവാദം നല്കിയത്. ശ്രീമൂലം തിരുനാൾ മഹാരാജാവാണ് അക്കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്നത്. അന്നത്തെ നിയമമനുസരിച്ച് പുതിയ ദൈവാലയം തുടങ്ങുന്നതിന് കരക്കാരുടെയും മുറിക്കാരുടെയും സമ്മതം ആവശ്യമായിരുന്നു. കരക്കാരുടെ പ്രതിനിധിയായി ഒറ്റപ്ലാക്കൽ പരമേശ്വരപണിക്കരും മുറിക്കാരുടെ പ്രതിനിധിയായി ഒരീഴവ സഹോദരനായ മാക്കൽ കേളനും ഗവൺമെന്റിൽ നിന്നുള്ള അന്വേഷണ കമ്മീഷന്റെ മുമ്പിൽ അനുകൂലമായ മൊഴി നൽകിയതോടെ 1913 ഒക്ടോബർ മാസത്തിൽ 9479 -ാം നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റിൽ നിന്നും പണിയുന്നതിനാവശ്യമായ അനുവാദം ലഭിച്ചു.

സർക്കാർ അനുവാദം വാങ്ങുന്നതിന് ആവശ്യമായ രേഖകൾ തയ്യാറാകുന്നതിനും ഉദ്യോഗസ്ഥരെ സമീപിച്ച് അംഗീകാരം നേടുന്നതിനും അന്ന് ആനിക്കാട്ടു പള്ളിവക സ്കൂളിലെ അദ്ധ്യാപകനായിരുന്ന പള്ളം സ്വദേശി ശ്രീ രാമൻ പിള്ള നല്കിയിട്ടുള്ള സഹായങ്ങൾ വിസ്മരിക്കാവുന്നതല്ല.

1913 ഒക്ടോബറിലെ ആദ്യ ചൊവ്വാഴ്ച ആനിക്കാട് പള്ളിയുടെ അന്നത്തെ വികാരിയായിരുന്ന റവ. ഫാ. പീലിപ്പോസ് പെരുമ്പുഴ ചെങ്ങളത്ത് പുതിയ പള്ളിക്ക് തറക്കല്ലിട്ടു. അവിടെ സ്ഥാപിക്കുന്നതിന് വലിയപറമ്പിൽ വർക്കി പോത്തൻ സ്വന്തമായി തയ്യാറാക്കിയ കുരിശ് ആനിക്കാട് പള്ളിയിൽ വച്ച് വെഞ്ച രിക്കുകയും ആഘോഷമായി ചെങ്ങളത്തേയ്ക്ക് കൊണ്ടുവരുകയും ചെയ്തു. കുരിശുപള്ളിയുടെ ശിലാ സ്ഥാപന വേളയിൽ ഫാ. ജോസഫ് കൊച്ചയ്യങ്കനാൽ പള്ളിയുടെ മദ്ധ്യസ്ഥനായ വി. അന്തോനീസിന്റെ അത്ഭുത പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുകയും അദ്ദേഹം സംഭാവന ചെയ്ത വി. അന്തോനീസിന്റെ തിരുസ്വരൂപം അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു.

ഒരു തൂലാത്തോളം തൂക്കം വരുന്ന ഒരു മണിയും മൂന്നുകതിനാക്കുറ്റികളുമാണ് മാതൃ ദൈവാ ലയമായ ആനിക്കാട്ടുനിന്നും പുതിയ കുരിശുപള്ളിയിലേയ്ക്ക് അന്ന് സംഭാവനയായി ലഭിച്ചത്. പള്ളിക്ക് കല്ലിട്ട അന്നുമുതൽ മാസംതോറും എല്ലാ ആദ്യചൊവ്വാഴ്ചയും വി. അന്തോനീസിനോടുള്ള പ്രാർത്ഥ നയും നേർച്ചകളും മുടക്കം കൂടാതെ നടത്തിവരുന്നു.

ഇന്ന് ചെങ്ങളം പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്താണ് നൂറ്റിയഞ്ചുവർഷങ്ങൾക്കു മുമ്പ് കുരിശുപ ള്ളിയ്ക്കായി ആദ്യഷെഡ് പണിതത്. അന്ന് ഇവിടെയെത്തുന്നതിന് കാട്ടിൽക്കൂടിയുള്ള ഉടുവഴികളായി രുന്നു ആശ്രയം. ആളുകളുടെ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി പള്ളിമേട, കിണർ തുടങ്ങിയവയും താമ സിക്കാതെ ഉണ്ടാക്കുവാൻ കഴിഞ്ഞു. വലിയപറമ്പിൽതെക്ക് ചാക്കോ മാത്യൂ, തോട്ടുപുറത്ത് ചാക്കോ കുര്യാക്കോസ്, തോട്ടുപുറത്ത് ചാക്കോ ഔസേഫ്, തച്ചപറമ്പ് ഐപ്പ് അവിര, കണികത്തോട് തൊമ്മൻ തൊമ്മൻ, കൊഴുവനാൽപള്ളി ഇടവകക്കാരനായിരുന്ന താമരശ്ശേരിൽ മാത്യു ആശാൻ തുടങ്ങിയവ രാണ് ദൈവാലയ നിർമാണത്തിന് പിന്നിൽ പ്രവർത്തിച്ചത്.

പള്ളിക്കായി പണിത ഷെഡ്ഡ് പൂർത്തിയായതോടെ പള്ളിക്ക് കല്ലിട്ട ദിവസവും വി. അന്തോനീ സിന്റെ തിരുനാൾ ദിവസമായ ജൂൺ 13-ാം തീയതിയും കുരിശുപള്ളിയിൽ ദിവ്യബലി അർപ്പിക്കുന്നതിനും ആ ദിവസങ്ങൾ തിരുനാളായി ആഘോഷിക്കുന്നതിനും ചങ്ങനാശ്ശേരി മെത്രാസന മന്ദിരത്തിൽ നിന്നും അനുവാദം ലഭിച്ചു. ഇതോടെ പള്ളിയുടെ മദ്ബഹായും അൾത്താരയും പെട്ടെന്ന് നിർമ്മിച്ചു. തോട്ടുപു റത്ത് മാത്യു ചാക്കോ ആയിരുന്നു ആദ്യ തിരുനാളിന്റെ പ്രസുദേന്തി. 1914 ഒക്ടോബറിലെ ആദ്യ ചൊവ്വാഴ്ച (6-10-1914) തിരുനാളിനോടനുബന്ധിച്ച് ചെങ്ങളം പള്ളിയിൽ ആദ്യമായി വി. കുർബാന അർപ്പിച്ചു. റവ. ഫാ. ജോസഫ് കൊച്ചയ്യങ്കനാലാണ് ആദ്യ ബലിയർപ്പണം നടത്തിയത്. കാഞ്ഞിരമറ്റം ഇടവകക്കാരനായ ചേലയ്ക്കൽ മാത്യു മേസ്തിരി നിർമിച്ച വി. അന്തോനീസിന്റെ ഒരു കൊത്തുരൂപം ആലുങ്കൽ താഴെ മാണിമാണി അന്നേ ദിവസം പള്ളിക്ക് സമർപ്പിച്ചു.

കിരുശുപള്ളി എന്ന നിലയിൽ ആരംഭിച്ച ചെങ്ങളം പള്ളിക്ക് 4 വർഷത്തെ കാത്തിരിപ്പിന് ശേഷം 1917 ഏപ്രിൽ മാസം മുതൽ ഒരു സ്ഥിരം വൈദികനെ ലഭിച്ചു. അന്നത്തെ ചങ്ങനാശ്ശേരി മെത്രാനായി രുന്ന മാർ തോമസ് കുര്യാളശ്ശേരി 1917 ഫെബ്രുവരി 17 - ന് ചെങ്ങളം പള്ളി സന്ദർശിച്ചതിനെ തുടർന്നാ ണിത്. കൊഴുവനാൽ പള്ളി ഇടവകക്കാരനായിരുന്ന റവ. ഫാ. മാത്യു മണിയങ്ങാട്ടാണ് ആദ്യമായി ഈ പള്ളിയിലേക്ക് നിയമിതനായത്. സ്ഥിരമായി വൈദികനെ ലഭിച്ചുവെങ്കിലും ഇടവകപ്പള്ളിയായി ചെങ്ങള ശത്തെ ഉയർത്തിയിരുന്നില്ല. ചെങ്ങളം ഇടവകപ്പള്ളിയാക്കുവാൻ ഏറ്റവും കൂടുതൽ പരിശ്രമിച്ചത് ബഹു. മണിയങ്ങാട്ടച്ചനാണ്. 1917 നവംബറിൽ ചെങ്ങളം ഇടവകപ്പള്ളിയായി ഉയർത്തപ്പെട്ടു. റവ. ഫാ. മാത്യൂ വടാനയായിരുന്നു വികാരി.

ആരംഭകാലം മുതൽ തന്നെ വി. അന്തോനീസിനോടുള്ള മാധ്യസ്ഥ്യം തേടി ധാരാളമാളുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കാൽനടയായി ചെങ്ങളത്തോയ്ക്ക് വന്നുകൊണ്ടിരുന്നു. വിശുദ്ധനോടുള്ള മദ്ധ്യസ്ഥ പ്രാർഥന നടത്തിയിരുന്നത് ചൊവ്വാഴ്ച ദിനങ്ങളിലാണ്. തിങ്കളാഴ്ച ഉച്ചക ഴിയുന്നതോടെ പള്ളിയും പരിസരവും ആളുകളെക്കൊണ്ട് നിറയും. ചൊവ്വാഴ്ച ഉച്ചവരെ ഈ തിരക്ക് തുടരും. യാത്രക്കാരുടെ അസൗകര്യം നിമിത്തം ദൂരദേശങ്ങളിലുള്ളവർ തലേദിവസം തന്നെ ചെങ്ങ

ളത്ത് വന്നെത്തുകയായിരുന്നു പതിവ്. അങ്ങനെയെത്തുന്ന തീർത്ഥാടകർ ചുറ്റുമുള്ള വീടുകളിലാണ് താമസിച്ചിരുന്നത്. പള്ളിയിൽ നിന്നും ഏകദേശം ഒരു മൈൽ അകലെയുള്ള വീടുകൾ പോലും തീർത്ഥാടകരെക്കൊണ്ട് നിറഞ്ഞിരുന്നു.

ഏതാനും ചൊവ്വാഴ്ചകളിൽ തുടർച്ചയായി വിശുദ്ധന്റെ തിരുസ്വരൂപത്തിന് മുമ്പിൽ പ്രാർത്ഥിച്ചുകൊള്ളാമെന്ന് നേർച്ചയുള്ളവരായിരുന്നു വിദൂരദേശത്തുനിന്നും വന്നിരുന്നവരിൽ പലരും. തന്മൂലം മാസങ്ങളോളും അവർക്കിവിടെ താമസിക്കേണ്ടതായി വന്നു. ഇടവകയിൽപ്പെട്ട കുടുംബങ്ങളാണ് അവർക്ക് താമസിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നൽകിയിരുന്നത്.

ആരംഭനാളുകളിൽ വി. അന്തോനീസിന്റെ മാദ്ധ്യസ്ഥ്യംവഴി ലഭിച്ച രോഗശാന്തികളുടെ രീതിക്ക് പ്രത്യേകതകളുണ്ടായിരുന്നു. വിശുദ്ധന്റെ രൂപത്തിന് മുമ്പിൽ വന്ന് പ്രാർത്ഥിക്കുന്ന രോഗികൾക്ക് പ്രാർത്ഥനയ്ക്കിടയിൽ പെട്ടന്ന് ഭാവഭേദങ്ങളുണ്ടാവുകയും ഭ്രാന്തമായ പെരുമാറ്റങ്ങളോടെ തുള്ളാൻ ആരംഭിക്കുകയും ചെയ്യും. തുള്ളലിനിടക്ക് പെട്ടെന്ന് അവർ ബോധരഹിതരായി നിലംപതിക്കുന്നു. പിന്നീട് ബോധം തെളിയുമ്പോൾ രോഗി പൂർണമായും സുഖം പ്രാപിച്ചിരിക്കും. എത്ര ബഹളമുണ്ടാക്കുന്ന രോഗികളും ബഹു. വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ നിശബ്ദത പാലിക്കുകയും നിർദ്ദേശങ്ങൾ അക്ഷരശ്ശ അനുസരിക്കുകയും ചെയ്തിരുന്നുവെന്നതും ശ്രദ്ധേയമാണ്.

രോഗസൗഖ്യത്തിനായി വിശുദ്ധന്റെ മാധ്യസ്ഥ്യം തേടി ഇവിടെ വന്ന് പള്ളിമേടയിൽ ഏറെനാൾ താമസിച്ച വ്യക്തിയാണ് ബഹു. അബ്രാഹം കുടകശ്ശേരിലച്ചൻ. വളരെയധികം ചികിത്സകൾ ചെയ്തിട്ടും അദ്ദേഹത്തിന് പിടിപെട്ട രോഗം സുഖപ്പെടുത്തുവാനായില്ല. വി. അന്തോനീസിന്റെ മാദ്ധ്യസ്ഥ്യം തനിക്കു സൗഖ്യം തരുമെന്ന ദൃഢ വിശ്വാസത്തിലാണ് അദ്ദേഹം ചെങ്ങളത്തെത്തിയത്. വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം വഴി അദ്ദേഹത്തിന് അത്ഭുത രോഗവിമുക്തി ലഭിക്കുകയും ചെയ്തു. തന്റെ അത്ഭുത സൗഖ്യത്തെയും വി. അന്തോനീസിന്റെ മാദ്ധ്യസ്ഥ്യം വഴി ചെങ്ങളത്തു സംഭവിക്കുന്ന അത്ഭുതങ്ങളെയും വിവരിച്ചുകൊണ്ട് അദ്ദേഹം എഴുതിയ 'ചെങ്ങളം മഹാത്മ്യം' എന്ന തുള്ളൽ കൃതി അക്കാലത്തു ചെങ്ങളത്ത് ഉണ്ടായിരുന്ന തീർത്ഥാടക ബാഹുല്യത്തെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്.

തീർത്ഥാടകരുടെ എണ്ണം കൂടിയതോടെ വിശുദ്ധന്റെ തിരുസ്വരൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുന്നതിനും നേർച്ചയർപ്പിക്കുന്നതിനും കൂടുതൽ സൗകര്യം ലഭിക്കുവാൻ പള്ളിയുടെ മുൻവശത്ത് ഉണ്ടാക്കിയ ഒരു മണ്ഡപത്തിലേക്ക് ചൊവ്വാഴ്ച ദിവസങ്ങളിൽ വിശുദ്ധന്റെ തിരുസ്വരൂപം മാറ്റി സ്ഥാപിച്ചിരുന്നു. അഴിക്കാലുകൾ നാട്ടി സ്ഥലം വേർതിരിച്ചാണ് അക്കാലത്ത് തിരുസ്വരൂപത്തിന് മുമ്പിലുള്ള തിരക്ക് നിയന്ത്രിച്ചിരുന്നത്.

ഏറെക്കാലത്തോളം ചൊവ്വാഴ്ചകളിൽ രാവിലെ മുതൽ ഉച്ചവരെ തുടർച്ചയായി ഇവിടെ ബലിയർപ്പിച്ചിരുന്നു. തീർത്ഥാടകരിൽ ഏറിയ പങ്കും കത്തോലിക്കരായിരുന്നു. അവരിൽ ഭൂരിഭാഗവും വി. കുർബാന സ്വീകരിക്കുവാനും നിഷ്ഠപുലർത്തിയിരുന്നു. വി. കുർബാന സ്വീകരിക്കുന്നവരുടെ സൗകര്യാർത്ഥം പള്ളിക്ക് താഴോട്ട് മൂന്ന് അടി വീതിയിൽ അഴിക്കാലുകൾ നാട്ടി വേണ്ട ക്രമീകരണങ്ങളൊരുക്കിയിരുന്നു.

വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് ഉപകാരസ്മരണയായി നേർച്ചകാഴ്ചകൾ സമർപ്പിച്ചശേഷമേ തീർത്ഥാടകർ മടങ്ങിയിരുന്നുള്ളു. ചൊവ്വാഴ്ച ദിനങ്ങൾ ഉച്ചക്കുമുമ്പ് തന്നെ നേർച്ചപ്പെട്ടി നിറഞ്ഞു കവിയും. ചെമ്പു കാശയിരുന്നു നേർച്ചപ്പണത്തിൽ ഭൂരിഭാഗവും. വലിപ്പമുള്ള കുട്ടകളിൽ പലർകൂടി പിടിച്ചാണ് നേർച്ചപ്പണം പള്ളിയിൽ എത്തിച്ചിരുന്നത്. നേർച്ചയായി കിട്ടുന്ന ചെമ്പു കാശിന്റെ എണ്ണം തിട്ടപ്പെടുത്തിയിരുന്നത് തുലാക്കണക്കിന് തൂക്കിയായിരുന്നു സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള ഉരുപ്പടികളും നേർച്ചയായി ധാരാളം ലഭിച്ചിരുന്നു.

ആരംഭകാലത്ത് പള്ളിക്കായി ഉപയോഗിച്ചിരുന്ന ഷെഡ്ഡ് കിഴക്കോട്ടുദർശനമായിട്ടാണ് സ്ഥാപിച്ചിരുന്നത്. ആ നിലയിൽ തന്നെ നാലു വർഷത്തോളം തിരുക്കർമ്മങ്ങളും മറ്റു നടത്തി. പിന്നീട് ദർശനം പടി

ഞ്ഞാറോട്ടായിരിക്കണമെന്ന അഭിപ്രായത്തിൽ ഷെഡ്ഡിന് രൂപവ്യത്യാസം വരുത്തി മദ്ബഹായും അൾത്താരായുമൊക്കെ കിഴക്കേ അറ്റത്തേക്ക് മാറ്റി സ്ഥാപിച്ചു,.

1919 ൽ ബഹു മാത്യു വടാനയച്ചൻ വികാരിയായിരിക്കുമ്പോഴാണ് ദൈവാലയം പുതുക്കിപ്പണിയുവാൻ ആരംഭിച്ചത്. അൾത്താരയുടെയും മദ്ബഹയുടെയും പണികൾ പൂർത്തിയാക്കിയും 1928 ൽ പള്ളിയുടെ മുഖവാരത്തിന്റെ പണികൾക്ക് തുടക്കമിട്ടതും ബഹു. സ്കറിയ തയ്യിലച്ചനാണ്. ബഹു. ജോസഫ് ചക്കാലയച്ചന്റെ കാലത്ത് (1928-1931) ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇപ്പോൾ പള്ളിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. അന്തോനീസിന്റെ വലിയ തിരുസ്വരൂപം വാങ്ങിയത് ഇക്കാലത്താണ്.

ബഹു. ലൂക്ക് മണിയങ്ങാട്ടച്ചന്റെ കാലത്താണ് ഇപ്പോഴുള്ള പള്ളിമുറി നിർമ്മിച്ചത്. 1966 ഫെബ്രുവരി 11 ന് അഭിവന്ദ്യ മാർ മാത്യു കാവുങ്കാട്ട് പള്ളിമേട ആശിർവദിച്ചു.

ഒരു നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ ചരിത്രമുള്ള ഇടവകയുടെ തുടക്കകാലത്ത് നായർ ആശാന്മാരായിരുന്നു കളരിയിൽ പഠിപ്പിച്ചിരുന്നത്. നമസ്കാരങ്ങളും വേദപാഠവും ഇടവകയിലെ കുട്ടികളെ പഠിപ്പിച്ചിരുന്നതും ഈ ആശാന്മാർ തന്നെ ആയിരുന്നു. 'തമ്പുരാൻ തുണയ്ക്ക, സർവ്വേശ്വരായ നമഃ' എന്നെഴുതിയാണ് അദ്ധ്യയനം തുടങ്ങിയിരുന്നത്. എൻ.എൻ. നാരായണ പിള്ള, രാമകൃഷ്ണപുള്ള തുടങ്ങിയവരൊക്കെ ഇടവകയിലെ ആദ്യകാല സൺഡേ സ്കൂൾ അദ്ധ്യാപകരായിരുന്നു. 1946 ൽ ബഹു. മാമ്മൻ കുട്ടുമ്മേലച്ചൻ വികാരിയായിരിക്കുമ്പോഴാണ് സൺഡേ സ്കൂൾ വിശ്വാസപരിശീലനത്തിന് ഇടവകയിൽ നിയതരൂപം ആദ്യമായി ഉണ്ടായത്. 1951 ൽ വികാരിയായി ചുമതലയേറ്റ ബഹു. ജേക്കബ് കാഞ്ഞിരത്തിനാലച്ചന്റെ സേവനകാലം ഇടവകയുടെ ആത്മീയ മുന്നേറ്റത്തിന്റെയും വിശ്വാസ വളർച്ചയുടെയും കാലഘട്ടമായിരുന്നു. ചെറുപുഷ്പ മിഷൻ ലീഗിന്റെ യൂണിറ്റ് ഇടവകയിൽ ആരംഭിച്ചത് ബഹു. കാഞ്ഞിരത്തിനാലച്ചനാണ്. ചെറുപുഷ്പ മിഷൻലീഗ് തുടക്കം കുറിച്ച കേരളത്തിലെ ആദ്യത്തെ 10 ഇടവകയിലൊന്നാണ് ചെങ്ങളം. ഇടവകയിൽ ഏറ്റവും കൂടുതൽ ദൈവവിളികൾ ഉണ്ടായ കാലഘട്ടമാണിത്. അനേകം യുവതീയുവാക്കൾ ഭാരത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്കും പ്രേഷിതപ്രവർത്തനത്തിനായി മുന്നിട്ടിറങ്ങി.

ഒരിടവകയിൽ നിന്ന് ഒരു വർഷം അഞ്ച് വൈദികർ ഒരുമിച്ച പൗരോഹിത്യം സ്വീകരിക്കുകയെന്ന ഭാഗ്യം കേരള സഭാ ചരിത്രത്തിൽ ചെങ്ങളത്തിനല്ലാതെ മറ്റൊരിടവകയ്ക്കും ലഭിച്ചിട്ടുണ്ടാവില്ല. ബഹു. കാഞ്ഞിരത്തിനാലച്ചൻ ദൈവവിളി കണ്ടെത്തി സെമിനാരിയിലേക്കയച്ചവരാണ് 1963 ഡിസംബറിൽ ഒരുമിച്ച് പൗരോഹിത്യം സ്വീകരിച്ച ചെങ്ങളം ഇടവരകക്കാരായ റവ. ഫാ. ആന്റണി നിരപ്പേൽ,. റവ ഫാ. ആന്റണി താന്നിയ്ക്കൽ, റ. ഫാ. മാത്യു വയലുങ്കൽ, റവ. ഫാ. തോമസ് പിണമറുകിൽ, റവ. ഫാ. മാത്യു ചെരിപുറം എന്നീ അഞ്ചു വൈദികർ.

ബഹു. ഫാ. മാത്യു വയലുങ്കൽ (സീനിയർ) ആണ്. ഇടവകയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ച ആദ്യ വൈദികൻ 1936 ഡിസംബർ 21 നായിരുന്നു. പൗരോഹിത്യം. ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജർ തുടങ്ങി ഒട്ടേറെ സുപ്രധാന സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം തന്നെയാണ് ചെങ്ങളം പള്ളിയിൽ ആദ്യമായി സംസകരിക്കപ്പെട്ട വൈദികനും.

1996 ൽ സൺഡേ സ്കൂളിന് സ്വന്തമായി ഓഫീസ് കെട്ടിടവും ലൈബ്രറിയും പണികഴിപ്പിച്ചത് ബഹു. മാത്യു കുഴിവേലിലച്ചനാണ്. വിശ്വാസ പരിശീലനത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമിച്ച് മാതൃക കാട്ടിയ കാഞ്ഞിരപ്പള്ളി രൂപതയിലെ ആദ്യ ഇടവകയായിരുന്നു ചെങ്ങളം. പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സൗകര്യാർത്ഥം 2015 ൽ ഈ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റേണ്ടി വന്നു.

വസൂരി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ മാദ്ധ്യസ്ഥ്യം തേടി വി. സെബസ്ത്യാനോസിന്റെ തിരുസ്വരൂപം ഇടവക മുഴുവൻ പ്രദക്ഷിണമായി കൊണ്ടുപോകുന്ന പതിവ് മുമ്പുണ്ടായിരുന്നു. തിരുസ്വരൂപം സ്വീകരിക്കുവാൻ ഇടവകയുടെ വിവധ ഭാഗങ്ങളിൽ പന്തലുകൾ തയ്യാറാക്കിയിരുന്നു. ഇല്ലിക്കോൺ ഭാഗത്തെ പന്തൽ നിർമ്മിക്കുവാൻ മുൻകൈ എടുത്തിരുന്നതും അലങ്കാര വേലകൾ ചെയ്തിരുന്നതും

ഉരുളികുന്നം ക്ഷേത്രം ചുമതലക്കാരും ചുറ്റുവട്ടത്തുള്ള ഹൈന്ദവ സഹോദരന്മാരുമായിരുന്നു. ഉരുളി കുന്നം ക്ഷേത്രത്തിൽ നിന്നു മുത്തുക്കുട, പൂക്കുട തുടങ്ങിയവ പ്രദക്ഷിണ ദിനത്തിൽ എത്തിച്ചിരുന്നു. ക്രൈസ്തവ - ഹൈന്ദവ കുടുംബങ്ങൾ തമ്മിൽ പുലർത്തിയിരുന്ന സാഹോദര്യത്തിന്റെയും മതസൗ ഹാർദ്ദത്തിന്റെയും മികച്ച സാക്ഷ്യപത്രമായി ഇന്നു ഇത് പ്രായമായവർ ഓർമിക്കുന്നു.

പള്ളിയുടെയും സ്ക്കൂളിന്റെയും സുവർണ്ണജൂബിലി ആഘോഷിച്ചത് 1968 ഫെബ്രുവരി 10,11 തീയ തികളിൽ ബഹു. ലൂക്ക് മണിയങ്ങാട്ട് അച്ചന്റെ നേതൃത്വത്തിലാണ്. 1988 –ൽ പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുമ്പോൾ ബഹു. ആന്റണി താന്നിക്കലച്ചനായിരുന്നു വികാരി. 1988 ഒക്ടോബർ 11– ന് ആരം ഭിച്ച ജൂബിലിയാഘോഷങ്ങൾ 1989 ഒക്ടോബർ 16–നാണ് സമാപിച്ചത്. പ്ലാറ്റിനം ജൂബിലി സ്മാരകമായി 101 കല്ലറകളോടുകൂടിയ സിമിത്തേരിയും, സിമിത്തേരി ചാപ്പലും നിർമ്മിച്ചു. ബഹു. മാത്യു കുഴിവേലിയ ച്ചൻ വികാരിയായിരിക്കെയാണ് 1992 –ൽ സിമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പ് നടത്തിയത്. പള്ളിയുടെ പുതിയ മണിമാളിക നിർമ്മിച്ചതും ബഹു. കുഴിവേലിലച്ചന്റെ കാലത്താണ്.

ഇടവകയിൽ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ഒരു ശാഖ ആരംഭിച്ചത് 1922 ൽ ബഹു. എബ്രാഹം കൈപ്പൻപ്ലാക്കലച്ചനാണ്. വളരെ ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിച്ച ഈ ശാഖയുടെ നേതൃത്വ ത്തിൽ 1935 ൽ ആനിക്കാട്, ഇളങ്ങുളം, കാഞ്ഞിരമറ്റം, പൊൻകുന്നം തുടങ്ങിയ സമീപ ഇടവകകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ മികവാർന്ന വിശ്വാസ പ്രഘോഷണ റാലിയും റവ. ഫാ. പ്ലാസിഡ് പൊടി പാറയുടെ അദ്ധ്യക്ഷതയിൽ നടത്തിയ പ്രൗഢമായ മതസമ്മേളനവും പഴമക്കാരുടെ മനസ്സിൽ ഇപ്പോഴും സജീവമായുണ്ട്.

ഇടവകയിൽ യുവജന സംഘടനാ പ്രവർത്തനത്തിന് തുടക്കം കുറിച്ചത് 1920 കളുടെ ആരംഭ ത്തിൽ ബഹു. എബ്രാഹം കൈപ്പൻപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച കാത്തോലിക്കാ യുവജന സംഘം വഴിയാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിത യുവജന സംഘടനയായിരുന്ന സി. വൈ. എം.എ യുടെ ഒരു യൂണിറ്റ് 1972 ൽ ഇടവകയിൽ പ്രവർത്തനമാരംഭിച്ചു. സി. വൈ. എം.എ യുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതോടെ 1983 ൽ വൈ. എസ്.എ (യൂത്ത് ഫോർ സോഷ്യൽ ആക്ഷൻ) എന്ന പുതിയൊരു യുവജന സംഘടനയ്ക്ക് ആന്റണി താന്നിക്കലച്ചൻ ഇടവകയിൽ തുടക്കമിട്ടു ഇത് പിന്നീട് കാഞ്ഞിരപ്പള്ളി രൂപതാ യുവദീപ്തിയുമായി അഫിലിയേറ്റ് ചെയ്ത് രൂപതയിലെ ഏറ്റവും മികച്ച യൂണി റ്റായി വളർന്നു.

**വി. അൽഫോൻസ തീർത്ഥാടനം**

ഭാരതത്തിന്റെ ലിസ്യൂവായ ഭരണങ്ങാനത്തെ വി. അൽഫോൻസാമ്മയുടെ കബറടിടത്തിലേക്ക് തീർത്ഥാടന പദയാത്ര ആദ്യമായി സംഘടിപ്പിച്ചത് ചെങ്ങളം ഇടവകയാണ്. 1999 – ൽ ബഹു. പോൾ വാഴപ്പനാടിയച്ചന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആദ്യ തീർത്ഥാടന യാത്രയിൽ സൺഡെസ്ക്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് മുഖ്യമായും പങ്കെടുത്തത്. ചെറുപുഷ്പ മിഷൻ ലീഗ് ശാഖ നേതൃത്വം കൊടുത്ത ഈ തീർത്ഥാടനത്തിന് തുടർന്നുള്ള ഓരോ വർഷവും ഇടവക സമൂഹത്തിന്റെ പങ്കാളിത്തം കൂടി വന്നു. ഇപ്പോൾ കുട്ടികളും രോഗികളും വയോജനങ്ങളുമടക്കം ആയിരങ്ങളാണ് ഓരോ വർഷവും വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥനാപൂർവ്വം തീർത്ഥാടനയാത്രയിൽ പങ്കാളിക ളാവുന്നത്. എല്ലാ വർഷവും ജൂലൈ മാസം ഭരണങ്ങാനത്തു നടത്തുന്ന വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷപരിപാടിയിൽ ചെങ്ങളം സെന്റ് ആൻണീസ് പള്ളിയുടെ തീർത്ഥാടക സംഘത്തി നായുള്ള വി. കുർബാന സമയം ഔദ്യോഗികമായി ഉൾപ്പെടുത്തിവരുന്നത് ഇടവകയുടെ അൽഫോൻസാ തീർത്ഥാടനത്തിന് ലഭിച്ച അംഗീകാരത്തിന്റെ തെളിവാണ്.

ഇടവക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇടവകയെ 12 വാർഡുകളായി തിരിച്ചത് ബഹു. ജോസഫ് കോയിത്രയച്ചന്റെ കാലത്താണ്. ഇടവകയിൽ പ്രാർത്ഥനാഭിമുഖ്യം വളർത്താനും കുടും ബങ്ങൾ തമ്മിലുള്ള ഐക്യവും സഹവർത്തിത്വവും വർദ്ധിപ്പിക്കുന്നതിനും വിശ്വാസപോഷണം സാധി

തമാക്കുന്നതിനും ലക്ഷ്യമിട്ട് 1990 ൽ കുടുംബകൂട്ടായ്മകൾക്ക് തുടക്കം കുറിച്ചു. നിലവിൽ 16 വാർഡുകളും 42 കുടുംബക്കൂട്ടായ്മകളുമാണ് ഇടവകയിലുള്ളത്. 589 കുടുംബങ്ങളിലായി 2950 വിശ്വാസികൾ ഇടവകാംഗങ്ങളായുണ്ട്. 11 രൂപതാ വൈദികരും 22 സന്യാസ വൈദികരും 66 സന്യാസിനികളുമുള്ള ചെങ്ങളം ഇടവക ദൈവവിളിയിൽ സമ്പന്നമാണ്. കൂടാതെ 6 സഹോദരന്മാർ വൈദിക പരിശീലനത്തിലേർപ്പെട്ടിരിക്കുന്നു.

ഇടവകയിൽ ഇടക്കാലത്ത് മുടക്കം സംഭവിച്ച വി. അന്തോനീസിന്റെ നവനാൾ നൊവേന ഇടവക സമൂഹത്തിന്റെ അപേക്ഷപ്രകാരം 2002 ജനുവരി 29ന് രൂപതാദ്ധ്യക്ഷന് മാർ മാത്യൂ അറക്കലാണ് പുനരാരംഭിച്ചത്. 2002 ഒക്ടോബർ 1-ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി വിശുദ്ധ അന്തോനീസിന്റെ തിരുശ്ശേഷിപ്പ് ഒദ്യോഗികമായി ചെങ്ങളം ദൈവാലയത്തിൽ സ്ഥാപിച്ചു. ഇതോടെ പുണ്യപരിമളം പരത്തുന്ന വി. അന്തോനീസിന്റെ സവിധത്തിലുള്ള തീർത്ഥാടക പ്രവാഹം വർദ്ധിച്ചു.

ചെങ്ങളം ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് വിശുദ്ധിയുടെ പരിമളം പരത്തി അനുഗ്രഹദായകമായി നിലകൊണ്ട ചെങ്ങളം സെന്റ് ആന്റണീസ് ദൈവാലയം പഴമകൊണ്ടും പ്രൗഢികൊണ്ടും ശില്പഭംഗി കൊണ്ടും ഒരു നൂറ്റാണ്ടു കാലത്തോളം വേറിട്ടുനിന്നു.

എന്നാൽ നിലവിലുണ്ടായിരുന്ന ദൈവാലയത്തിന്റെ കാലപ്പഴക്കവും സ്ഥലപരിമിതിയും മൂലം ദേവാലയം പുതുക്കിപ്പണിയുന്നതിനെപ്പറ്റിയുള്ള ആലോചനകൾ സജീവമായി പുതിയ ദൈവാലയം നിർമ്മിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചത് 2010 ൽ റവ. ഫാ. സേവ്യർ കൊച്ചുപറമ്പിലിന്റെ കാലത്താണ്.

**അൾത്താര ശുശ്രൂഷാ സംഘം**

കാഞ്ഞിരപ്പള്ളി രൂപതയിൽ ആദ്യമായി പെൺകുട്ടികളെ അൾത്താര ശുശ്രൂഷാ സംഘത്തിൽ ഉൾപ്പെടുത്തി പരിശീലിപ്പിച്ചത് ചെങ്ങളം ഇടവകയിലാണ്. 2007 ലാണ് ഇതിന്റെ തുടക്കം. റവ. ഫാ. സേവ്യർ കൊച്ചുപറമ്പിലിന്റെയും റവ. ഫാ. ആന്റണി ചെന്നയ്ക്കാട്ടുകുന്നേലിന്റെയും ശ്രമഫലമായാണ് അൾത്താര ശുശ്രൂഷാ സംഘം വിപുലപ്പെടുത്തി കാഞ്ഞിരപ്പള്ളി രൂപതയിലെ ഏറ്റവും വലിയ അൾത്താര ശുശ്രൂഷാ സംഘമായി വളർത്തിയെടുത്ത്. 66 ആൺകുട്ടികളും 44 പെൺകുട്ടികളുമുള്ള ഈ അൾത്താര ശുശ്രൂഷാ സംഘം എണ്ണത്തിലും പ്രവർത്തന ശൈലിയിലും വേറിട്ടു നിൽക്കുന്നു. ഇടവകയിലെ 97-ാം കല്ലിട്ടുതിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിയൊടൊപ്പം 97 അൾത്താര ശുശ്രൂഷികൾ അണിനിരന്നത് ചരിത്രമായി മാറി.

**കപ്പേളകൾ**

**1. തെക്കെകുരിശുപള്ളി**

ഇടവകയുടെ തെക്കെ അതിർത്തിയിൽ ശ്രീ. ആന്റണി പൂവേലിൽ സംഭാവനയായി നൽകിയ സ്ഥലത്ത് വി. സെബസ്ത്യാനോസിന്റെ നാമത്തിലുള്ള കപ്പേള 1917 - ൽ റവ. ഫാ. മാത്യു വടാനയാണ് സ്ഥാപിച്ചത്. തെക്കെ കുരിശുപള്ളി പുതുക്കിപ്പണിതു പുനഃസ്ഥാപിച്ചത് 1996 -ൽ ബഹു. മാത്യു കുഴിവേലിയച്ചന്റെ കാലത്താണ്. തെക്കെകുരിശ്പള്ളിയോടനുബന്ധിച്ച് 2001 -ൽ ബഹു. പോൾ വാഴപ്പനാടിയച്ചന്റെ നേതൃത്വത്തിൽ പള്ളിമുറി പണികഴിപ്പിച്ചു.,

**2. സെന്റ് മേരീസ് കുരിശുപള്ളി ചപ്പാത്ത്**

ചപ്പാത്തിൽ റവ. ഫാ. മാത്യു ഇടിയാകുന്നേൽ സംഭാവന നൽകിയ സ്ഥലത്ത് 2002 ഏപ്രിൽ 30 ന് റവ. ഫാ. പോൾ വാഴപ്പനാടി ഒരു കുരിശുസ്ഥാപിച്ചു. ഇവിടെ പരിശുദ്ധ മാതാവിന്റെ നാമത്തിൽ പണിത കുരിശുപള്ളിക്ക് 2003 ജനുവരി 1 ന് റവ, ഫാ. തോമസ് പുരയിടം തറക്കല്ലിട്ടു. 2003 ഫെബ്രുവരി 20 ന് ഈ കുരിശുപള്ളിയുടെ വെഞ്ചിരിപ്പ്കർമ്മം നിർവഹിച്ചതും പ്രഥമ ദിവ്യബലിയർപ്പിച്ചതും ബഹു. പോൾ വാഴപ്പനാടിയച്ചനാണ്. 2008 -ൽ റവ. ഫാ. സേവ്യർ കൊച്ചുപറമ്പിൽ വികാരിയായിരുന്നപ്പോഴാണ് കുരിശുപള്ളിയുടെ മുഖവാരം പുതുക്കി നിർമിച്ചു. കുരിശുപള്ളിയോടനുബന്ധിച്ച് രണ്ടു മുറികളൾക്കൂടി

2015 പുതുതായി നിർമിച്ചത്. റവ. ഫാ. മാത്യു പുതുമനയുടെ ശ്രമഫലമായാണ്. ജർമനിയിൽ നിന്നും കൊണ്ടുവന്ന റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുസ്വരൂപമാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്.

**3 വടക്കേക്കുരിശുപള്ളി**

ഇടവകയുടെ വടക്കേ അതിർത്തിയിൽ വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള കപ്പേള 1930 -ൽ ബഹു മാത്യു മണിയങ്ങാട്ട് അച്ചനാണ് സ്ഥാപിച്ചത്. ശ്രീ...................... വയലുങ്കലാണ്. കുരിശുപള്ളിക്കാവശ്യമായ സ്ഥലം ദാനം ചെയ്തു. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിരുന്ന ഈ കുരിശുപള്ളി അത്യാകർഷകമായി പുനർനിർമിച്ചത് 2004 ൽ റവ. ഫാ. മാത്യു പിണമറുകിലിന്റെ നേതൃത്വത്തിലാണ്. പുതിയ കുരിശുപള്ളിയുടെ കൂദാശകർമ്മം 2005 സെപ്റ്റംബർ 12 ന് അന്നത്തെ വികാരി റവ. ഫാ. സേവ്യർ കൊച്ചിപറമ്പിലിന്റെ സാന്നിദ്ധ്യത്തിൽ രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറക്കൽ നവിർവഹിച്ചു.

**4 ടൗൺ കപ്പേള**

വി. ഗീവർഗീസിന്റെ നാമത്തിലുള്ള ടൗൺ കപ്പേള 1982 ൽ ബഹു. ജോസഫ് മരുതോലിലച്ചന്റെ കാലത്താണ് നിർമാണമാരംഭിച്ചത്. ബഹു. ആന്റണി താന്നിയ്ക്കലച്ചന്റെ നേതൃത്വത്തിൽ 1983 ൽ നിർമ്മാണം പൂർത്തിയാക്കി വെഞ്ചിരിച്ചു.

**5 തിരുഹൃദയ കുരിശടി, ആലുങ്കൽ തകികി**

ആലുങ്കൽ തകിടിയിൽ ശ്രീ മാത്യൂ വർഗ്ഗീസ് ചെങ്ങളത്ത് സംഭാവന നൽകിയ സ്ഥലത്ത് തിരുഹൃദത്തിന്റെ നാമത്തിലുള്ള കുരിശടി തദ്ദേശവാസികളുടെ കൂട്ടായ പ്രവർത്തനം വഴി നിർമ്മിച്ചത് 2010 ലാണ്. 2008 ജൂൺ 30 ന് റവ. ഫാ. സേവ്യർ കൊച്ചുപറമ്പിൽ തറക്കില്ലിട്ട ഈ കുരിശടിയുടെ വെഞ്ചിരിപ്പു കർമ്മം 2010 ജൂലൈ 3 ന് രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറക്കൽ നിർവഹിച്ചു. റവ. ഫാ. സേവ്യർ കൊച്ചുപറമ്പിൽ ഇവിടെ ആദ്യ ദിവ്യബലിയർപ്പിച്ചു.

**6 മേടയ്ക്കൽ കുരിശടി**

പള്ളി ജംഗ്ഷനിൽ ഇടവക ദേവാലയത്തിനായി പുതിയ കുരിശടി നിർമ്മിച്ചപ്പോൾ കുരുശിൻതൊട്ടിയിൽ നിലവിലുണ്ടായിരുന്ന കുരിശ് അവിടെനിന്ന് മാറ്റി. 1987 ൽ റവ. ഫാ. ആന്റണി താന്നിയ്ക്കൽ വികാരിയായിരിക്കുമ്പോഴാണ് ചെങ്ങളത്തുനിന്ന് കൊണ്ടുവന്ന മേടയ്ക്കൽ കവലയോട് ചേർന്ന് ഈ കുരിശ് പുനഃസ്ഥാപിക്കുന്നത്. ശ്രീ. ആന്റണി കുര്യാക്കോസ് കണികത്തോട്ട് സംഭാവന നൽകി.യ സ്ഥലത്ത് വി. യൗസേപ്പ് പിതാവിന്റെ നാമത്തിലുള്ള കുരിശടി 2015 ൽ നിർമ്മിച്ചത്. റവ. ഫാ. മാത്യു പുതുമനയുടെ നേതൃത്വത്തിലാണ്. 2015 ഒക്ടോബർ 6 ന് രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറക്കൽ മേടക്കൽ കുരിശടിയുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.

**സെന്റ് ആന്റണീസ് കാറ്റക്കേസിസ് സെന്റർ**

പഴയ യൂ.പി. സ്കൂൾ കെട്ടിടം നിലനിന്നിരുന്ന സ്ഥലത്ത് ചെങ്ങളം- കൂരാലി, ചെങ്ങളം- പൈക റോഡുകൾക്കഭിമുഖമായി 1.15 കോടി രൂപ ചെലവഴിച്ച് സെന്റ് ആന്റണീസ് കാറ്റക്കേസിസ് സെന്റർ നിർമ്മിച്ചത് ബഹു. സേവ്യർ കൊച്ചുപറമ്പിലച്ചന്റെ നേതൃത്വത്തിലാണ്. വിശാലമായ പാരിഷ്ഹാൾ, മിനിഹാൾ, പതിനാറ് കടമുറികളോടുകൂടിയ ഷോപ്പിംഗ് കോപ്ലംക്സ് എന്നിവകളുൾപ്പെടുന്ന, രണ്ടു നിലകളിലായി നിർമ്മിച്ചിട്ടുള്ള ഈ കാറ്റക്കേസിസ് സെന്ററിന് 2008 ഫെബ്രുവരി 7- ന് മാർ മാത്യു വട്ടക്കുഴിയാണ് തറക്കല്ലിട്ടത്. സെന്ററിന്റെ ആശിർവാദകർമ്മം 2009 മെയ് 31- ന് രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കലും ഉദ്ഘാടനം ആർച്ച ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലുമാണ് നിർവഹിച്ചത്.

**സ്ഥാപനങ്ങൾ**

**സ്ക്കൂളുകൾ**

**1. സെന്റ് ആന്റണീസ് എൽ.പി. സ്ക്കൂൾ**

1916 മെയ് 22 - നാണ് സെന്റ് ആന്റണീസ് എൽ.പി. സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. വലിയപറമ്പിൽ വർക്കി പോത്തനായിരുന്നു. പ്രൈമറി സ്ക്കൂളിന്റെ ആദ്യ മാനേജർ. 1918 ൽ ബഹു. മാത്യു വടാന

യച്ചൻ മാനേജർ സ്ഥാനം പള്ളി വികാരിയുടെ പേരിലാക്കുകയും പുതിയ സ്ക്കൂൾ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. കുരിശിൻതൊട്ടിക്കഭിമുഖമായി എൽ.പി. സ്ക്കൂളിനായി ഒരു കെട്ടിടം 1922 ൽ നിർമ്മിച്ചത് റവ. ഫാ. ഏബ്രാഹം കൈപ്പൻപ്ലാക്കലിന്റെ നേതത്വത്തിലാണ്. ബഹു. തച്ചിൽ സഖറിയാസച്ചന്റെ കാലത്താണ് ഇപ്പോഴുള്ള പ്രൈമറി കെട്ടിടം നിർമ്മിച്ചത്. എൽ.പി. സ്ക്കൂൾ കെട്ടിടത്തിന്റെ കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലായ മേൽക്കൂര പുതുക്കിപ്പണിത് ഷീറ്റിട്ടത് 2005 ൽ റവ. ഫാ. സേവ്യർ കൊച്ചുപറമ്പിലിന്റെ സേവന കാലത്താണ്. 2002 ൽ എൽ.പി.സ്ക്കൂളിൽ ആരംഭിച്ച കമ്പ്യൂട്ടർ 2011 ൽ റവ. ഫാ. മാത്യു പുതുമനയുടെ നേതൃത്വത്തിൽ വിപുലീകരിക്കുകയും എൽ.പി. സ്ക്കൂൾ ക്ലാസ്മുറികൾ ടൈൽ ഇട്ട് ആകർഷകമാക്കുകയും ചെയ്തു.

**2 സെന്റ് ആന്റണീസ് ഹൈസക്കൂൾ**

1925- ലാണ് സെന്റ് ആന്റണീസ് യു.പി. സ്ക്കൂൾ ആരംഭിച്ചത്. ബഹു. ജോൺ പൊറ്റേടത്തച്ചന്റെ നേതൃത്വത്തിൽ 1933 -ൽ വടക്കേ സ്ക്കൂൾ കെട്ടിടവും വിശാലമായ മൈതാനവും നിർമ്മിച്ചു. ഇപ്പോൾ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പള്ളിക്ക് അഭിമുഖമായി ഒരു സ്ക്കൂൾ കെട്ടിടം 1937 -ൽ നിർമ്മിച്ചത് ബഹു മാത്യു വഴുതനപ്പള്ളിലച്ചന്റെ കാലത്താണ്. 1950 -ൽ ബഹു. ജോസഫ് കുടത്തിനാലച്ചന്റെ ശ്രമഫലമായി മിഡിൽ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു.

ബഹു. ജേക്കബ് കാഞ്ഞിരത്തിനാലച്ചന്റെ കാലത്ത് ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ ആദ്യ നിലയും 1957 -ൽ ബഹു ജോസഫ് ഓണങ്കുളത്തച്ചന്റെ കാലത്ത് രണ്ടാം നിലയും പണി കഴിപ്പിച്ചു. ബഹു . എബ്രാഹം നെടന്തകിടിയേലച്ചനായിരുന്നു ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ.

ഹൈസ്ക്കൂളിനോടനുബന്ധിച്ച് ബഹു ജോർജ് നെടന്തകിടിയേലച്ചന്റെ കാലത്ത് 1975 ൽ ഓപ്പൺ എയർ സ്റ്റേജും ബഹു. ആന്റണി താന്നിക്കലച്ചന്റെ കാലത്ത് വാട്ടർ സപ്ലൈ സംവിധാനവും നടപ്പിലാക്കി.

ഹൈസ്കൂളിന്റെ സുവർണ്ണ ജൂബിലിയാഘോഷിച്ച രണ്ടായിരമാണ്ടിൽ ജൂബിലി സ്മാരകമായി റവ. ഫാ. പോൾ വാഴപ്പനാടിയുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു.

**3 സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്ക്കൂൾ**

സെന്റ് ആന്റണീസ് ഹൈസ്കൂളിനോടനുബന്ധിച്ച് അൺഎയിഡഡ് ഹയർ സെക്കന്ററി സ്കൂളിന് അംഗീകാരം ലഭിച്ചതും പ്രാരംഭനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2002 ൽ ബഹു. പോൾ വാഴപ്പനാടിയച്ചന്റെ കാലത്താണ്. റവ. ഫാ. മാത്യൂ പിണമറുകലിന്റെ നേതൃത്വത്തിൽ 2004 ൽ ഹയർ സെക്കന്ററി സ്കൂളിനായി രണ്ടു നിലകെട്ടിടം പുതുതായി നിർമിച്ചു. 2003 ൽ തറക്കല്ലിട്ട ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം 2004 മാർച്ച 23 ന് മാർ മാത്യു അറക്കലാണ് നിർവഹിച്ചത്.

ഹയർ സെണ്ടന്ററി സ്കൂൾ കെട്ടിടത്തിന്റെ മൂന്നാം നില 2007ൽ റവ. ഫാ, സേവ്യർ കൊച്ചുപറമ്പിലിന്റെ കാലത്താണ് നിർമ്മിച്ചത്. പുതിയ ബ്ലോക്ക് 2007 ഒക്ടോബർ 24 ന് ശ്രീ. ഉമ്മൻ ചാണ്ടി എം. എൽ.എ ഉദ്ഘാടനം ചെയ്തു. സയൻസ്, ഹോംസയൻസ്, കോമേഴ്സ് ബാച്ചുകളാണ് ഇപ്പോഴുള്ളത്. 2014 ൽ സ്കൂളിന് എയിഡഡ് പദവി ലഭിച്ചെങ്കിലും നിർഭാഗ്യവശാൽ സർക്കാർ പ്രസ്തുത അംഗീകാരം പിൻവലിക്കുകയാണുണ്ടായത്. ഇത് ചെങ്ങളം നിവാസികൾക്ക് ഇന്നും തീരാനഷ്ടമായിനിലനില്ക്കുന്നു.

1989 ൽ അൽഫോൻസ നേഴ്സറി സ്കൂളിന് തുടക്കമിട്ട ബഹു. ആന്റണി താന്നിക്കലച്ചനാണ് ഇറ്റയിലുള്ള തിരുബാല സഖ്യത്തിന്റെ സാമ്പത്തിക സഹായത്തോടെ നേഴ്സറി സ്കൂളിന് പുതിയകെട്ടിടവും നിർമ്മിച്ചു. സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ ചുമതലയിലാണ് നേഴ്സറി സ്കൂൾ പ്രവർത്തിക്കുന്നത്.

**5 സേക്രട്ട് ഹാർട്ട് കോൺവെന്റ് സ്കൂൾ**

സി. എഫ് .എം. എസ്സ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സേക്രട്ട് ഹാർട്ട് കോൺവെന്റ സ്കൂൾ

എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ 2003 ജൂലൈ 12ന് പ്രവർത്തനം ആരംഭിച്ചു. 2012 ൽ ഇവിടെ പ്ലസ്ടവും ആരംഭിച്ചു.

**സന്യാസ ഭവനങ്ങൾ**

ഇറ്റാലിയൻ സന്യാസിനി സമൂഹമായ ഹോസ്പിറ്റൽ സിസ്റ്റേഴ്സ് ഓഫ് മേഴ്സി, നെന്തകിടിയേൽ ബഹു. ജോർജ് അച്ചന്റെ കാലത്ത് 1972 ജൂലൈ 23 ന് ചെങ്ങളത്ത് മേഴ്സി കോൺവെന്റ് ആരംഭിച്ചു. 1988 ഓഗസ്റ്റ് 8ന് സെന്റ് മർത്താസ് കോൺവെന്റും സ്ഥാപിതമായി. 2002 മെയ് 31 ന് ക്ലാരിസ് ഭവൻ എന്ന പേരിൽ സി.എഫ്.എം.എസ് സിസ്റ്റേഴ്സിന്റെ ഭവനവും ആരംഭിച്ചു.

**മേഴ്സി ഹോസ്പിറ്റൽ**

ഹോസ്പിറ്റൽ സിസ്റ്റേഴ്സ് ഓഫ് മേഴ്സി സന്യാസി സമൂഹത്തിന്റ നേതൃത്വത്തിൽ 1977 ൽ മേഴ്സി ഹോസ്പിറ്റൽ പ്രവർത്തനമാരംഭിച്ചു. ചെങ്ങളം പള്ളി സൗജന്യമായി വിട്ടു നൽകിയ സ്ഥലത്ത് ആശുപത്രിയും കോൺവെന്റും സ്ഥാപിച്ചു. ഹോസ്പിറ്റലിനോടനുബന്ധിച്ച് പ്രകൃതി ചികിത്സാ കേന്ദ്രവും ജിരിയാട്രിക് വിഭാഗവും (വാർദ്ധക്യകാല പരിചരണ കേന്ദ്രം) ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

**സാമൂഹ്യ വികസനത്തിന് നേതൃത്വം**

ചെങ്ങളം ഗ്രാമത്തിന്റെ വികസക്കുതിപ്പുകൾക്ക് തുടക്കം കുറിച്ചതും തുടർന്ന് വികസന മുന്നേറ്റങ്ങൾക്ക് നേതൃത്വം വഹിച്ചതും ചെങ്ങളം പള്ളിയാണ്.

1972 ൽ ആദ്യമായി ഒരു 'അഞ്ചൽപെട്ടി' പള്ളി മേടയിൽ സ്ഥാപിച്ചത് ബഹു. എബ്രഹാം കൈപ്പൻപ്ലാക്കലച്ചന്റെ ശ്രമഫലമായാണ്.. 1934 ൽ റവ. ഫാ. ജോൺ പൊറ്റേടത്തിന്റെ കാലത്ത് ഒരു 'അഞ്ചൽ ഓഫീസ്' സ്ഥാപിതമായതോടെ ചെങ്ങളത്തിന് ബാഹ്യലോകവുമായുള്ള വാർത്താ വിനിമയ ബന്ധങ്ങൾക്ക് വാതിൽ തുറന്നു.

നാടിന്റെ വികസനത്തിന് റോഡു സൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ അത്യധ്വാനം ചെയ്ത് ചെങ്ങളത്ത് സേവനം ചെയ്ത ബഹു. വൈദികരാണ്. 1919 -ൽ ചെങ്ങളം - കൂരാലി റോഡ് വിസ്താരപ്പെടുത്തി വാഹനസഞ്ചാരയോഗ്യമാക്കി തീർത്തത് ബഹു മാത്യു മണിയങ്ങാട്ടച്ചന്റെ നേതൃത്വത്തിലാണ്. ചെങ്ങളം- പൈക, ചെങ്ങളം- ഇളമ്പള്ളി, ചെങ്ങളം- ആനിക്കാട്, ചെങ്ങളം- പള്ളിക്കത്തോട് എന്നീ റോഡുകൾ വെട്ടിത്തുറക്കപ്പെട്ടത് 1940 മുതൽ 1942 വരെ വികാരിയായി സേവനം ചെയ്ത് ബഹു. ജോസഫ് കോയിത്രയച്ചന്റെ ശ്രമഫലമായാണ്.

മാർക്കറ്റ്, മൃഗാശുപത്രി, വില്ലേജ് ഓഫീസ് തുടങ്ങിയവ സ്ഥാപിക്കുന്നതിൽ മുൻകൈയെടുത്ത് നാടിന്റെ അഭിവൃദ്ധിക്കു നേതൃത്വം നൽകിയതും ഇവിടെ സേവനം ചെയ്ത ബഹു. വൈദികരാണ്.

ഗവൺമെന്റ് മൃഗാശുപത്രി സ്ഥാപിക്കുന്നതിന് പള്ളിവക സ്ഥലം ദാനമായി നല്കുകയും അവിടെ സൗജന്യമായി ആശുപത്രി കെട്ടിടം നിർമ്മിച്ചു നല്കുകയും ചെയ്ത്ത ബഹു. ജോസഫ് മരുതോലിലച്ചന്റെ സേവനകാലത്താണ്. ചെങ്ങളം ഈസ്റ്റ് വില്ലേജ് ഓഫീസ് സ്ഥാപിക്കുന്നതിന് വേണ്ട സ്ഥലം സർക്കാരിലേക്ക് സൗജന്യമായി വിട്ടു നൽകിയതും ചെങ്ങളം ഇടവകയാണ്.

ബഹു.പോൾ വാഴപ്പനാടിയച്ചന്റെ സേവനകാലത്ത് നിർമ്മിച്ച സെന്റ് ആന്റണീസ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട്ടം ചെങ്ങളം ജംഗ്ഷന് പുത്തൻ മുഖഛായ നല്കി. 2008 ൽ 10 കടമുറികൾ കൂടി പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് നവീകരിച്ചതോടെ വ്യാപാര സാധ്യതകൾ വിപുലപ്പെട്ടു.

**ചെങ്ങളം - ദേശചരിത്രം**

ചരിത്രം ഉറങ്ങുന്ന മണ്ണായ ചെങ്ങളം ആയിരക്കണക്കിന് വർഷത്തെ ജനജീവിതത്തിന്റെ സാംസ്കാരിക വൈവിധ്യവും പൈതൃകവും പേറുന്ന മണ്ണ്. AD 110 ന് മുൻപ് ഇവിടെ ജാതിവ്യത്യാസം ഇല്ലാതെ ഒരു ജനവിഭാഗം ജീവിച്ചിരുന്നു എന്നത് ചരിത്രസാക്ഷ്യം.

AD 110 മുതൽ 1749 വരെ ആനിക്കാട്, ചെങ്ങളം പ്രദേശങ്ങൾ തെക്കുംകൂർ രാജാവിന്റെ ഭരണത്തിലായിരുന്നു. രണ്ടാം ചേര സാമ്രാജ്യം തകർന്നതോടെ കേരളത്തിൽ ഉടലെടുത്ത വേമ്പനാട് പിഴർന്ന

വടക്കുംകൂറും തെക്കുംകൂറും രാജ്യങ്ങൾ നിലവിൽ വന്നു. AD 110 നോടടുത്ത് രൂപീകൃതമായ തെക്കുംകൂർ രാജ്യത്തിൽ ഇന്നത്തെ കാഞ്ഞിരപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി, താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ തെക്കൻ ദേശങ്ങളും ഉൾപ്പെട്ടിരുന്നു. വെന്നിമലയായിരുന്നു. തെക്കുംകൂർ രാജ്യത്തിന്റെ ആസ്ഥാനം.

15-ാം നൂറ്റാണ്ടുവരെ നമ്പൂതിരിമാരുടെയും ഏതാനും കാലം കോയിയന്മാരുടെയും 16-ാം നൂറ്റാണ്ടുമുതൽ അമ്പഴത്തുങ്കൽ കർത്താക്കൻമാരുടെയും ഭരണമാണ് ഇവിടെ നടന്നിരുന്നത്. 1749 വരെ തെക്കുംകൂർ രാജ്യത്തിന്റെയും അതിനുശേഷം തിരുവിതാംകൂർ രാജ്യത്തിന്റെയും ഭാഗമായിരുന്നു ചെങ്ങളം. 19-ാം നൂറ്റാണ്ടോടുകൂടിയാണ് പൂർണമായും രാജഭരണത്തിലേയ്ക്കും തുടർന്ന് ജനാധിപത്യ സമ്പ്രദായത്തിലേയ്ക്കും എത്തിയത്. അതുവരെ നാട്ടുപ്രമാണികളും മാടമ്പികളുമാണ് അധികാരം കൈയടക്കിയിരുന്നത്. ചെങ്ങളം, ആനിക്കാട് പ്രദേശങ്ങളിലെ ആയിരക്കണക്കിന് ഏക്കർ സ്ഥലം ഏതാനും പേരുടെ വകയായിരുന്നു.. അവർ ചേരിക്കലുകൾ കൈമാറുമ്പോൾ അവിടെ താമസിച്ചികൊണ്ടിരുന്ന ആളുകളെയും കൂട്ടിയാണ് കൈമാറ്റം ചെയ്തിരുന്നത്. അടിമകളെപ്പോലെ പണിയെടുത്തുകൊണ്ടിരുന്ന അവരെ ശിക്ഷിക്കുകയോ വില്ക്കുകയോ ചെയ്യുന്നതിന് ചേരിക്കൽ ഉടമയ്ക്ക് പൂർണ്ണാവകാശം ഉണ്ടായിരുന്നു. AD 1812 ൽ അടിമക്കച്ചവടം നിർത്തൽ ചെയ്ത വിളംബരം ഉണ്ടായില്ലെങ്കിലും കച്ചവടം നടന്നുകൊണ്ടേയിരുന്നു. ചെങ്ങളത്തും സമീപ്രദേശങ്ങളിലും ചേരിക്കലുകളിൽ താമസിച്ചു പണിയെടുത്തിരുന്നത് പ്രധാനമായും പുലയർ ആയിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ പുലയരുടെ 3000 വീടുകൾ, ആനിക്കാട്, ചെങ്ങളം, പ്രദേശത്തുണ്ടായിരുന്നതായി പറയപ്പെടുന്നു കായികാധ്വാനം കൊണ്ട് കൃഷിയും നാടും സമ്പന്നമാക്കിയ അവരുടെ അംഗസംഖ്യ 19-ാം നൂറ്റാണ്ടിൽ പലതവണയുണ്ടായ വസൂരി രോഗം മൂലം ഗണ്യമായിക്കുറഞ്ഞു. അടിമച്ചങ്ങല തകർന്നതോടെ അവരുടെ അനേകം കുടുംബങ്ങൾ അന്യനാടുകളിലേയ്ക്ക് കുടിയേറുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ വിപ്ലവകരമായ ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കിയ തിരുവിതാംകൂർ രാജാക്കന്മാരുടെ 1865 - ലെ 'പണ്ടാരപ്പാട്ടം' വിളംബരവും 1887 ലെ ജന്മികുടിയാൻ വിളംബരം മൂലം കൂടിയാന് കൃഷിഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചു. പണ്ടാരവക വസ്തുക്കൾ തലമുറയായി അനുഭവിക്കുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനുമുള്ള അവകാശം കർഷകർക്ക് ലഭിച്ചതോടെയാണ് നമ്മുടെ നാട്ടിൽ കാർഷിക വിപ്ലവം ആരംഭിക്കുന്നത്. സർക്കാർ കുത്തകയായിരുന്ന കുരുമുളക് 1972 ൽ കുത്തക വിമുക്തമാക്കിയതോടെ കൃഷി വ്യാപകമായി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മുണ്ടക്കയം പ്രദേശങ്ങളിൽ വ്യാപകമായ റബ്ബർ, തേയില തുടങ്ങിയ തോട്ടം കൃഷികളുടെ സ്വാധീനവും കാർഷിക ഉണർവിന് കാരണമായി. വ്യാപകമായ ക്രൈസ്തവ കുടിയേറ്റം ഫലഭൂയിഷ്ടമായ ഈ നാടിനെ കാർഷിക സമൃദ്ധിയിലേയ്ക്ക് നയിച്ചു.

30 വർഷം മുമ്പുവരെയും നെൽകൃഷിപ്പാടങ്ങൾ ചെങ്ങളത്തുണ്ടായിരുന്നു. മേഴ്സി ഹോസ്പിറ്റലിനു സമീപമുള്ള താഴ്ന്ന പ്രദേശങ്ങളിലും തെക്കെ കുരിശുപള്ളിക്ക് സമീപമുള്ള വയലുങ്കൽ പ്രദേശങ്ങളിലും ആലുങ്കൽ തകടി പ്രദേശങ്ങളിലും നെല്ല് കൃഷി ചെയ്തിരുന്നു, 1990 നോടെ നെൽകൃഷി പൂർണമായും ഇല്ലാതായി. ആദ്യനാളുകളിൽ തെങ്ങും കവുങ്ങും വാഴയും വ്യാപകമായിരുന്ന കൃഷിയിടങ്ങൾ റബ്ബർ തോട്ടങ്ങൾക്ക് വഴിമാറി; ഇന്ന് റബ്ബറായി മുഖ്യവിള.

പഴയ റവന്യൂ രേഖകളിൽ ഇപ്പോഴത്തെചെങ്ങളം പ്രദേശത്തെ 'പുതുപ്പള്ളി ഭാഗം കര'.യെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1953 ൽ പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ ചെങ്ങളം ഗ്രാം പള്ളിക്കത്തോട്, അകലക്കുന്നം, എലിക്കുളം പഞ്ചാത്തുകളുടെ ഭാഗമായി.

**ആദ്യകാല കുടിയേറ്റ കുടുംബങ്ങൾ**

ജാതിവ്യവസ്ഥ നിലവിലിരുന്ന കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവർ എന്ന നിലയ്ക്ക് മാർത്തോമാ ക്രിസ്ത്യാനികൾക്ക് രാജാക്കന്മാരിൽ നിന്നും പ്രത്യേക ആനുകൂല്യങ്ങളും പദവികളും ലഭിച്ചിരുന്നു. 'നസ്രാ

ണികൾ' എന്നാണ് അവർ വിളിക്കപ്പെട്ടിരുന്നത്. 'തീണ്ടലും തൊടീലും' കൊടിക്കുത്തിവാണിരുന്ന അക്കാലത്ത് താഴ്ന്ന ജാതിക്കാർ തീണ്ടി അശുദ്ധമാക്കിയ സാധനങ്ങളും ഭക്ഷണ പദാർത്ഥങ്ങളും മാർത്തോമാ ക്രിസ്ത്യാനികൾ സ്പർശിച്ചാൽ ശുദ്ധമാകും എന്ന ധാരണ ഉയർന്ന ജാതി ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള സേവനങ്ങൾക്കായി ബ്രാഹ്മണ ഗൃഹങ്ങളോടും നാട്ടുപ്രമാണിമാരുടെ വാസഗൃഹങ്ങളോടും ചേർന്ന് ക്രൈസ്തവകുടുംബങ്ങളെ താമസിപ്പിച്ചിരുന്നു. നമ്പൂതിരിമാർ, അമ്പഴത്തുങ്കൽ, കർത്താവ്, നായർ പ്രമാണിമാർ എന്നിവരുടെ ആവശ്യത്തിലേയ്ക്ക് തൊട്ടുശുദ്ധിയാക്കുവാൻ വേണ്ടി വന്നവരാണ് 19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ ആനിക്കാട്, ചെങ്ങളം പ്രദേശങ്ങളിലെ ആദ്യകാല ക്രൈസ്തവകുടിയേറ്റക്കാരിൽ ഭൂരിഭാഗവും, നാട്ടിൽ വന്ന ക്രിസ്ത്യാനികളെ മാപ്പിളമാർ (മഹാപിള്ള) എന്നാണ് മറ്റുള്ളവർ ബഹുമാനപൂർവ്വം വിളിച്ചിരുന്നത്.

ചേർപ്പുങ്കൽ, കാഞ്ഞിരപ്പള്ളി, പാല എന്നീ ഇടവകകളിലാണ് ആനിക്കാട് പള്ളി സ്ഥാപനത്തിന് മുമ്പ് ഇവിടുത്തെ ക്രൈസ്തവർ ഇടവക ചേർന്നിരുന്നത്. 1860 ഡിസംബർ 8- ന് ബഹു. പനഞ്ചിയ്ക്കൽ അലക്സ് അന്ത്രയോസച്ചൻ, ആനിക്കാട് നിർമ്മിച്ച താത്കാലിക ദൈവാലയം വെഞ്ചരിച്ച് ദിവ്യബലി യർപ്പിച്ചു. ആനിക്കാട് പള്ളി ആരംഭിച്ചതിന് ശേഷമാണ് ചെങ്ങളം പ്രദേശത്തേയ്ക്ക് വർദ്ധിച്ച തോതിൽ ക്രൈസ്തവ കുടിയേറ്റം ഉണ്ടാവുന്നത്. അതിന് മുമ്പ് ഇവിടെ ഉണ്ടായിരുന്ന പുരാതന ക്രൈസ്തവ കുടുംബങ്ങളില് ഭൂരിഭാഗവും മൂലമുണ്ടയിൽ കുടുംബത്തിന്റെ ശാഖകളാണ്.

തെക്കുംതല ക്ഷേത്രഭരണാധികളുടെ ആവശ്യപ്രകാരം ചേർപ്പുങ്കൽ മൂലമൂണ്ടയിൽ കുടുംബത്തിന്റെ ഒരു ശാഖ ക്ഷേത്രത്തിന് കിഴക്കു ഭാഗത്തായി AD- 1600 നോടടുത്ത് താമസമാക്കി. ആലുങ്കൽ എന്ന പേരിൽ അറിയപ്പെട്ട ഈ പുരാതന കുടുംബക്കാർ ക്ഷേത്രം വക മുക്കാതം ചേരിക്കലിന്റെ കാര്യസ്ഥന്മാരായിരുന്നു. ഈ കുടുംബത്തിലെ മക്കൾ മാറിത്താമസിച്ചതോടെ ആലുങ്കൽ കരോട്ട്, ആലുങ്കൽ താഴെ എന്ന രണ്ടു മുഖ്യശാഖകളായി.

ആലുങ്കൽ കരോട്ട്, ഇഞ്ചിക്കാലായിൽ, പഴയപറമ്പിൽ, പ്ലാത്തറ, കൊറ്റങ്ങാട്ട് പുൽത്തകിടി, ഉതിരകുളം, പാലാപ്പറമ്പിൽ, തെക്കേതിൽ, പാറയിൽ, പുരയിടത്തിൽ പൂവത്തോലിൽ തുടങ്ങിയ കുടുംബങ്ങളൊക്കെ ആലുങ്കൽ കരോട്ട് മൂലകുടുംബത്തിൽ നിന്നും മാറിത്താമസിച്ച ശാഖകളാണ്.

തച്ചപറമ്പത്ത്, തെക്കേക്കുറ്റ്, ഇളംപുരയിടം, പാത്തിക്കൽ, കുറുന്തോട്ടം, വേങ്ങത്താനം, മേപ്രത്ത്, ചീരംകുന്നേൽ, അരീയ്ക്കൽ, തട്ടാപറമ്പിൽ തുടങ്ങിയ കുടുംബങ്ങൾ ആലുങ്കൽ താഴത്ത് കുടുംബത്തിൽ നിന്നും മാറിത്താമസിച്ച ശാഖകളാണ്.

AD 1700 നോടടുത്ത് ചേർപ്പുങ്കൽ ഭാഗത്തുനിന്നും വന്ന് തെക്കുംതല ക്ഷേത്രത്തിനടുത്ത് കുന്നേൽ താമസം തുടങ്ങിയ കുടുംബത്തിന്റെ ശാഖകളാണ് കുന്നേൽ, മുരടുപൂവത്തുങ്കൽ, തണ്ണിപ്പാറ, കണ്ണിമാൻകുന്നേൽ എന്നീ കുടുംബങ്ങൾ.

ഇളമ്പള്ളി മഠത്തിലെ കാരണവരുടെ ക്ഷണപ്രകാരം AD 1700 ൽ തിരുവാർപ്പിൽ നിന്നും ഇവിടെയെത്തി എടത്താഴെ താമസമാരംഭിച്ച കുടുംബത്തിൽ നിന്നുള്ള ശാഖകളാണ് ഇടപ്പാടിക്കരോട്ട്, പൊട്ടനാനിയ്ക്കൽ, പാത്തിയ്ക്കൽ, മാണിപ്പറമ്പിൽ പാലാക്കാവുങ്കൽ, കൊല്ലമ്പറമ്പിൽ, പേഴനാൽ തുടങ്ങിയ കുടുംബങ്ങൾ.

AD 1760 നോടടുത്ത് ചേർപ്പുങ്കൽ ഇടവകയിലെ കെഴുവങ്കുളം ഭാഗത്തിനിന്നുമെത്തി വയലുങ്കൽ താമസമുറപ്പിച്ച കുടുംബത്തിന്റെ ശാഖകളാണ് വയലുങ്കൽ, പുതുവയലിൽ, തടത്തിൽ, എലിമുള്ളിൽ തുടങ്ങിയ കുടുംബങ്ങൾ.

മുട്ടിച്ചിറ കല്ലാർ വോലിലയ കുരിശുങ്കൽ കുടുംബത്തിൽ നിന്നും AD 1700 നോടടുത്ത് ഇളങ്ങുളത്തെത്തി മാറാട്ടിൽ എന്ന പേരിൽ താമസം തുടങ്ങിയ കുടുംബത്തിന്റെ ശാഖകളാണ് ചിന്താർ, മണിയിൽ, നടയ്ക്കൽ, കരിപ്പാൽ, മന്നത്തുപ്ലാക്കൽ, കുഴിയ്കാട്ടുതാഴെ തുടങ്ങിയ കുടുംബങ്ങൾ.

**ചെങ്ങളത്തെ ആദ്യ അത്ഭുതം**

1912 ൽ ചെങ്ങളത്ത് വി. അന്തോനീസിന്റെ നാമത്തിൽ കുരിശുപള്ളി സ്ഥാപിക്കുന്നതിനായുള്ള ശ്രമങ്ങൾ പ്രദേശവാസികൾ തകൃതിയായി നടത്തുന്ന കാലം. കുരിശുപള്ളിയ്ക്കായി മുന്നിട്ടിറങ്ങിയവരി ലൊരാളായ തച്ചപറമ്പത്ത് അവിരാ മാത്യുവിന് ആയിടയ്ക്ക് പനി പിടിപെടുകയും രോഗി ആശങ്കാജനക മായനിലയിലെത്തുകയും ചെയ്തു. പള്ളി സ്ഥാപനത്തിന് ആവശ്യമായ സ്ഥലം ദാനം ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിരുന്നത് ഇദ്ദേഹമായിരുന്നു. താമസം വിനാ രോഗം മൂർച്ചിച്ചു. രോഗവിമുക്തി അസാ ധ്യമെന്ന് പല വൈദ്യന്മാരും വിധിയെഴുതി. വീട്ടുകാർ മരണം മുമ്പിൽ കണ്ടു. തന്റെ ഉറ്റ സ്നേഹിതന്റെ രോഗാവസ്ഥയറിഞ്ഞ് എത്തിയ വലിയപറമ്പിൽ കരോട്ട് വർക്കി പോത്തൻ രോഗിയുടെ നെറ്റിയിൽ കുരി ശ്ശുവരച്ചുകൊണ്ട് രോഗശാന്തിയ്ക്കായി വി. അന്തോനീസിനോട് മനമുരികി പ്രാർത്ഥിച്ചു. രോഗം പെട്ടെ ന്ന് ശാന്തമായി. താമസം വിനാ രോഗിയ്ക്ക് പൂർണ്ണ സൗഖ്യം കിട്ടുകയും ചെയ്തു. വി. അന്തോനീ സിന്റെ അത്ഭുതം നിമിത്തമാണ് അപ്രകാരം രോഗശാന്തി ലഭിച്ചതെന്ന് എല്ലാവരും വിശ്വസിച്ചു. അസാ ധ്യമെന്ന് കരുതിയ ഈ അത്ഭുതരോഗശാന്തിയുടെ വാർത്ത തദ്ദേശവാസികളിൽ വി. അന്തോനീസിനോ ടുള്ള ഭക്തി വർദ്ധിപ്പിച്ചു. പില്കാലത്ത് ചെങ്ങളത്ത് സംഭവിക്കാനിരുന്ന അത്ഭുത പ്രവർത്തനങ്ങളുടെ തുടക്കമായിരുന്നു ഇത്.

**കല്ലു നേർച്ച**

ദേവാലയ നിർമ്മാണത്തിനുള്ള കല്ല് നേർച്ചയായി തലയിൽ ചുമന്നെത്തിക്കുക എന്നത് ചെങ്ങ ളത്തെ പ്രത്യേകതയാണ്. കല്ല് തലയിണയായി ഉപയോഗിച്ച് വി. അന്തോനീസ് സഹന മാതൃക നല്കിയ തിനെ അനുസ്മരിച്ചാണ് കല്ല് നേർച്ച ആരംഭിച്ചത്. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കേ പ്രവിത്താന ത്തുനിന്നും കാൽനടയായി ഇവിടെയത്തി ദൈവാലയ നിർമ്മാണത്തിനുവേണ്ടി നേർച്ചയായി കല്ലുചുമ ന്നിട്ടുള്ളതായി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയായിരുന്ന മാർ മാത്യു കാവുകാട്ട് ചെങ്ങളം പള്ളിയുടെ കനക ജൂബിലിയാഘോഷവേളയിൽ അനുസ്മരിച്ചിരുന്നു.

# ദൈവാലയ ചരിത്രത്തിന്റെ ഉത്തരഭംഗം

**ചെങ്ങളം പള്ളിയുടെ പുതിയമുഖം**

ബഹുമാനപ്പെട്ട സേവ്യർ കൊച്ചുപറമ്പിലച്ചന്റെ സേവനകാലത്തിനുശേഷം പൗരോഹിത്യരജതജൂബിലിയുടെ നിറവിൽ നിന്നിരുന്ന ബ.മാത്യു പുതുമനയച്ചൻ ചെങ്ങളം പള്ളിയുടെ വികാരിയായി ഭരണചുമതലയേറ്റു. നയചതുരനും പരിണതപ്രജ്ഞനും,കർമ്മധീരനുമായ അദ്ദേഹത്തിന്റെ നേതൃത്വം ചെങ്ങളം ഇടവകയുടെ ആത്മീയ ഭൗതിക മണ്ഡലങ്ങളിൽ നവ ചൈതന്യം പകർന്നു.

ബ. മാത്യു പുതുമനയച്ചന്റെ കർമ്മപദ്ധതികൾക്ക് കൈത്താങ്ങായി പ്രവർത്തിച്ചിരുന്ന ബഹുമാന്യരായ അസി. വികാരിമാർ ഫാ. ആന്റണി ചെന്നക്കാട്ടുകുന്നേൽ, ഫാ. ജിനോ വാഴയിൽ, ഫാ ജിൻസ് കിഴക്കയിൽ ഫാ . കുര്യാക്കോസ് വടക്കേടത്തച്ചനേയും നിലവിൽ സേവന നിരതനായിരിക്കുന്ന ജേം പാറയ്ക്കലച്ചനെയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

ബ. മാത്യു പുതുമനയച്ചന്റെ പൗരോഹിത്യ രജത ജൂബിലി 2010 ഡിസംബർ 31ന് സമുചിതമായി ആഘോഷിച്ചു. ബ. മാത്യു അച്ചന്റെ കൃതജ്ഞതാബലിയർപ്പണത്തിനുശേഷം പാരീഷ്ഹാളിൽ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന അനുമോദനസമ്മേളനം ബ. ഉമ്മൻചാണ്ടി എം.എൽ.എ ഉദ്ഘാടനം ചെയ്തു.

2011 മെയ്മാസം 22-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12 ന് ബഹു മാത്യു പുതുമനയച്ചന്റെ നേതൃത്വത്തിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ പൊതുയോഗം ചേർന്നു. ദൈവാലയപുനർനിർമ്മാണത്തിന്റെ അനിവാര്യത വ്യക്തമാകുന്ന ഒൻപതംഗ പാരീഷ് കമ്മറ്റിയുടെ റിപ്പോർട്ട് ബ. അച്ചൻ യോഗസമക്ഷം അവതരിപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് യോഗം വിലയിരുത്തുകയും ദൈവാലയ പുനർനിർമ്മാണത്തിന് തീരുമാനം എടുക്കുകയും ചെയ്തു. അഭിവന്ദ്യമാർ മാത്യു അറയ്ക്കൽ 4-10-2011-ാം തീയതി ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. ഇടവകയിലെ ഒരു വാർഡിൽ നിന്ന് ഒരു വ്യക്തിയെ എന്ന ക്രമത്തിൽ നിർമ്മാണ കമ്മറ്റിയിൽ ഉൾപ്പെടുത്താനും പാരീഷ് കൗൺസിലിലെ 9 അംഗ കമ്മറ്റിയേയും മറ്റു വിദഗ്ധരേയും കമ്മറ്റിയിലേയ്ക്ക് നോമിനേറ്റു ചെയ്യുവാനും തീരുമാനമായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ- പള്ളിയുടെ പണികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയും പൂർത്തീകരിക്കുകയും ചെയ്തു.

നാണ്യവിളകളുടെ വിലതകർച്ചയിൽ നട്ടം തിരിഞ്ഞു കൊണ്ടിരുന്ന ഗ്രാമീണ ഇടവകാംഗങ്ങൾക്ക് സാമ്പത്തിക ക്ലേശം എല്ക്കാത്ത വിധത്തിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ധനാഗമ സ്രോതസുകളെ ,സമന്വയിപ്പിച്ച് ദൈവാലയനിർമ്മാണം പൂർത്തീകരിച്ച ബ. മാത്യു പുതമനയച്ചനെ ഇടവക സമൂഹം മുക്തകണ്ഠം പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

3-6-2012ൽ ബ. വികാരിയച്ചന്റെ നേതൃത്വത്തിൽ കൂടിയ പൊതുയോഗത്തിൽ പള്ളിനിർമ്മാണഫണ്ട്, ചൊവ്വാഴ്ച നേർച്ചയപ്പം, ഞായറാഴ്ച 7.15 ന് നടക്കുന്ന വി. കുർബാന ഒരുക്കങ്ങൾ ശനിയാഴ്ച ദൈവാലയം വൃത്തിയാക്കൽ എന്നിവ വാർഡ് അടിസ്ഥാനത്തിൽ ക്രമീകരിച്ചു. ജൂബിലി വർഷം, വിശ്വാസവർഷം, ഇടവകയിലെ അഞ്ചു വൈദികരുടെ ജൂബിലി, സമർഷിത സംഗമം, ഇടവകദിനം, ബ. വയലുങ്കലച്ചന്റെ ജൂബിലി എന്നിവ സമുചിതമായി ആഘോഷിക്കുവാനും ചെങ്ങളം ടൗൺ വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടു നൽകാനും തീരുമാനമായി.

2012 സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 2 വരെ കല്ലിട്ട തിരുനാളിനോടനുബന്ധിച്ച് നവനാൾ ആചരിച്ചു. ജൂബിലി വർഷത്തിന്റെയും വിശ്വാസവർഷത്തിന്റെയും സംയുക്ത ഉദ്ഘാടനം അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവ് നിർവ്വഹിച്ചു.

നവനാളുകളിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട വൈദികരുടെ കാർമ്മികത്വത്തിൽ കുർബാന നൊവേന,

സന്ദേശം എന്നിവ നടത്തിപ്പോന്നു. ഇത് വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കും അനുഗ്രഹലഭ്യതയ്ക്കും ഉപകരിച്ചു.

അത്ഭുത പ്രവർത്തകനായവി. അന്തോനീസിന്റെ തിരുസ്വരൂപ പ്രയാണത്തിന് 2-10-2012ൽ തുടക്കം കുറിച്ചു. പ്രയാണത്തെ ജാതിമത ഭേദമെന്യേ സർവ്വരും സർവ്വാത്മനാ സഹർഷം സ്വാഗതം ചെയ്യുകയും സഹകരിക്കുകയും ചെയ്തു. പ്രാർത്ഥനയുടെയും ഗാനാലാപനത്തിന്റെയും ക്രൈസ്തവവിശ്വാസത്തിന്റെ കാതലും കേന്ദ്രബിന്ദുവുമായ വിശ്വാസപ്രമാണത്തിന്റെയും ഉരുവിടൽ ഭക്തിസാന്ദ്രമായ അന്തരീക്ഷം സംജാതമാക്കി. മൺചെരാതുകളിലെ ദീപങ്ങളും ഇലക്ട്രിക് ഇല്യൂമനേഷനുകളും ഭക്തിയുടെ നിറവിലേയ്ക്ക് നമ്മെ കൈപിടിച്ചുയർത്തി മനസിലെ വിശ്വാസദീപം പ്രോജ്ജ്വലമാക്കാൻ ഇത് സഹായകമായി. ചുരുക്കത്തിൽ നാടിന്റെ നന്മയ്ക്കും ദൈവാലയ നിർമ്മാണത്തിനും ഇത് ഉണർവേകി.

ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി വിപുലമായ വിവിധ കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും പ്രാവർത്തികമാക്കുകയും ചെയ്തു. കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥവും ആനുകാലിക സഭാ പ്രബോധനങ്ങളും എന്ന വിഷയത്തെ അധികരിച്ച് ഒരു വർഷം നീണ്ടുനിന്ന പഠനശിബിരം സംഘടിപ്പിച്ചത് വിശ്വാസികളിൽ ആത്മീയ ഉണർവ്വും ഉൾക്കാഴ്ചയും ലഭിക്കുവാൻ പര്യാപ്തമായി, ക്ലീൻ പാരീഷ് ഗ്രീൻ ചെങ്ങളം എന്ന കർമ്മ പദ്ധതിയെ സകലരും സസന്തോഷം സ്വാഗതം ചെയ്തു. 2012 ഡിസംബർ 4 മുതൽ 15വരെ കുടുംബനവീകരണം ലക്ഷ്യമിട്ട് എം. എസ്. എം. ഐ കോൺഗ്രിഗേഷനിൽപ്പെട്ട ബ. സന്യാസിനികളുടെ നേതൃത്വത്തിൽ ഹോം മിഷൻ പ്രവർത്തനം നടന്നു.

കാർഷികമേഖലയുടെ ഉണർവിനും അഭിവൃദ്ധിയ്ക്കും വേണ്ടി മാതൃകാ കൃഷിത്തോട്ടം നിർമ്മിച്ചു. കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ കൂട്ടുകൃഷി രീതി നടപ്പിലാക്കി. ഇടവകയിലെ കാർഷിക കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മാസത്തിലൊരുദിവസം മിനി പാരീഷ് ഹാളിൽ വച്ച് കർഷക വിപണി നടത്തിപ്പോരുന്നു. ഇത് കർഷകർക്ക് സമാശ്വാസവും സംതൃപ്തിയും നൽകുന്നു.

ദു:ഖിതരിലും ദുരിതമനുഭവിക്കുന്നവരിലും ഈശോയെ ദർശിക്കണം എന്ന ഉദാത്തതത്ത്വം ഉൾക്കൊണ്ടുകൊണ്ട് ജീവകാരുണ്യപ്രവർത്തനം എന്ന നിലയിൽ 11 ഭവനങ്ങളുടെ ഭാഗിക നിർമ്മാണവും ഒരു ഭവനത്തിന്റെ സമ്പൂർണ്ണ നിർമ്മാണവും നടത്തപ്പെട്ടു.

ആധ്യാത്മിക നവോത്ഥാനം ലക്ഷ്യമാക്കി വിശ്വാസ വർഷ ബൈബിൾ കൺവെൻഷൻ, വിശ്വാസ വളർച്ചാധ്യാനം, യുവജനധ്യാനം , ക്രിസ്റ്റിൽ ധ്യാനം എന്നിവയും ദിവ്യകാരുണ്യ അത്ഭുത പ്രദർശനവും സംഘടിപ്പിച്ചു. വിവിധ വിഭാഗക്കാരായ ആളുകളുടെ ഒത്തുചേരൽ കണക്കിലെടുത്ത് വയോജന സംഗമം, പ്രേഷിത സംഗമം, ആന്റണി നാമധാരീ സംഗമം, വിശ്വാസീ സംഗമം, നാത്തൂൻ സംഗമം എന്നിവ ക്രമീകരിച്ചു.

ചെങ്ങളത്തുള്ള ടാക്സിഡ്രൈവേഴ്സിനെ ഏകോപിപ്പിച്ച് സാരഥി നന്മ എന്ന ഒരുയൂണിറ്റിന് രൂപം കൊടുത്തു. മദ്യവിരുദ്ധസമിതിയ്ക്കുരൂപം നല്കുകയും കാര്യക്ഷമമായ പ്രവർത്തനം നടത്തുകയും ചെയ്തു. പ്രവർത്തനരഹിതമായിരുന്ന ഫ്രാൻസിസ്കൻ മൂന്നാം സഭായൂണിറ്റിന് പുനരുജ്ജീവനം നൽകിയതും കൂട്ടായ്മകളെ പുന ക്രമീകരിച്ച് പുതുജന്മം നൽകിയതും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

ആയിരത്തോളം ആളുകൾ ഒത്തൊരുമിച്ച് ഒന്നരമണിക്കൂർ കൊണ്ട് സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതിയത് ഒരു മഹത് സംഭവമായിരുന്നു.

2013ജനുവരി 29 മുതൽ ഫെബ്രുവരി 10 വരെ അത്ഭുത പ്രവർത്തകനായ വി. അന്തോനീസിന്റെ തിരുനാൾ മഹോത്സവം പൂർവ്വാധികം ഭംഗിയോടെഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. ഇടവകയിലെ അനേകരടങ്ങുന്ന പ്രസുദേന്തിമാരുടെ കൂട്ടായ്മയിലൂടെയാണ് തിരുനാൾ നടത്തപ്പെട്ടത് എന്ന വസ്തുത പ്രത്യേകം സ്മരാണാർഹമാണ്. ജനുവരി 29 ന് അഭിവന്ദ്യ മാർ വട്ടക്കുഴി പിതാവ് വി. കുർബ്ബാന അർപ്പിക്കുകയും അനുഗ്രഹപ്രഭാ

ഷണം നടത്തുകയും  ചെയ്തുതുടർന്ന് വന്ന ദിവസങ്ങളിൽ പ്രത്യേക ക്ഷണിതാക്കളായ വൈദികർ  വി. കുർബാന, നൊവേന സന്ദേശം എന്നിവ നടത്തിപ്പോന്നു.

ഫെബ്രുവരി 7 ന് വ്യാഴാഴ്ച മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ്  ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പണം നടന്നു. ജൂബിലേറിയൻസും ഇടവകയിലെ വൈദികരും സഹ കർമ്മികനായി. പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച ഇടവകക്കാരായ അഞ്ചുവൈദികരെ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് ആദരിച്ചത് ഇടവകയ്ക്ക് അഭിമാനത്തിന്റെയും ആഹ്ലാദത്തി ന്റെയും അസുലഭ നിമിഷമായി മാറി.  ഒരേ ഇടവകയിലുള്ള അൾത്താരയിലെ അഞ്ചു ദിവ്യ താരകങ്ങൾ ഒരുമിച്ച് സുവർണ്ണജൂബിലി ആഘോഷിക്കുന്നത്  കേരള ക്രൈസ്തവ സഭാചരിത്രത്തിൽ തന്നെ  ഇദം പ്രഥ മമാണെന്ന് കരുതാം.

കല്ലുനേർച്ചകൾ

ദൈവാലയ നിർമ്മാണത്തിനുള്ള കല്ലുകൾ  നേർച്ചകളായി ഉദ്ദിഷ്ടകാര്യസംലബ്ധിക്കുവേണ്ടി ചുമന്ന് പണി സ്ഥലത്ത് എത്തിച്ചിരുന്നത് ഒരു പ്രത്യേകതയായിരുന്നു. അനേരം ആളുകൾക്ക് രോഗശമനത്തിനും മറ്റ് ഉദ്ദിഷ്ട കാര്യലബ്ധിക്കും ഇത് ഉപകരിച്ചു എന്നത് പ്രത്യേകം  പ്രസ്താവ്യമാണ്.

ഇടവകയിലെ മുഴുവൻ കുടുംബനാഥമാരുടേയും സഹകരത്തോടെ അൾത്താരയുടെ നിർമ്മാണത്തിലേ യ്ക്കായി സ്വർണ്ണ ഉരുപ്പടി സ്വീകരിക്കാനും  അൾത്താര പണിയാനും കഴിഞ്ഞുഎന്ന വസ്തുത അഭിമാനക രവും ആഹ്ലാദകരവുമാണ്.

2014 ഫെബ്രുവരി 6,7,8,9 തീയതികളിൽ ഇടവക പ്രസുദേന്തിമാരുടെ കൂട്ടായ്മയിലൂടെയാണ് തിരുനാൾ ആഘോഷിച്ചത് തിരുനാൾ ദിവസങ്ങളിലെല്ലാം ആഘോഷമായ വി.കുർബാനയും കുടുംബജീവിതത്തിന്റെ വിവിധതലങ്ങളെ സംബന്ധിച്ച് പ്രഭാഷണവും നടന്നു. തിരുനാളുകൾ കേവലം ആചരണവും  ആഘോഷവു മാവാതെ ജീവിതഗന്ധിയും ജീവിതസ്പർശിയുമാവണമെന്ന സന്ദേശം തിരുനാളാഘോഷങ്ങളിൽ പ്രകടമാ യിരുന്നു.

എക്ലേസിയ 2014

എക്ലേസിയ 2014 ഉദ്ഘാടനം നിർവ്വഹിച്ചത് വെ.റവ. ഡോ മാത്യു പായിക്കാട്ടാണ്. ഇടവകജനത്തിന് പുതിയ അനുഭവവും ദിശാബോധവും നൽകാൻ ഇതിനു സാധിച്ചു.  കൂട്ടായ്മയിൽ  ഒന്നുചേരാനും പ്രാർത്ഥിക്കാനും ഹൃദയം തുറന്ന് സംവദിക്കാനും ക്ലാസുകൾ കേൾക്കാനും ചർച്ചയിലൂടെ പ്രശ്നങ്ങൾ അനാവരണം ചെയ്യാനും പരിഹരിക്കാനും ഉതകിയ ഒരു മഹത്തായ  സംരംഭം. രണ്ടും മൂന്നും കൂട്ടായ്മകളെ  സംയോജിപ്പിച്ച് ചർച്ച കൾസംഘടിപ്പിച്ചിരുന്നത് ഫലപ്രദമായിരുന്നു. കുടുംബങ്ങൾ, കൂട്ടായമകൾ സംഘടനകൾ വിശ്വാസപരിശീ ലനം അജപാലന ശുശ്രൂഷകൾ എന്നിവയുടെ കുറവുകളെ നിറവുകളാക്കാനും ഉൾക്കാഴ്ച ലഭിക്കാനും ഇത് സഹായകമായി. വിശ്വാസികളിൽ  പരിവർത്തനത്തിന്റെ ശംഖനാദം മുഴക്കാൻ ഇതിനു കഴിഞ്ഞു.

2015 ഫെബ്രുവരി 5,6,7,8 തീയതികളിൽ വി. അന്തോനീസിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. തിരുനാളിന് ഒരുക്കമായ നൊവേന ജനുവരി 27 മുതൽ ഫെബ്രുവരി 4 വരെ നടത്തപ്പെട്ടു. എല്ലാ ദിവസവും ആഘോഷമായ വി. കുർബാനയും നൊവേനയും വി. അന്തോനീസിന്റെ ജീവിതത്തിലുടനീളം പ്രകടമായി രുന്നു വിവിധ സത് സ്വഭാവസവിശേഷതകളെ അനുസ്മരിച്ച് പ്രഭാഷണവും നടന്നു.  ഫെബ്രുവരി അഞ്ചാം തീയതി വ്യാഴാഴ്ച പുതിയതായി നിർമ്മിച്ചതും മറ്റൊരിടത്തും കാണാൻ കഴിയാത്തതും ആത്മീയ ദർശന ങ്ങളെ ഉൾക്കൊള്ളുന്നതുമായ  കൽകുരിശിന്റെ വെഞ്ചരിപ്പും പുത്തൻ കൊടിമരത്തിന്റെ വെഞ്ചരിപ്പും കോടി യേറ്റും അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവ് നിർവ്വഹിച്ചു.  കൽക്കുരിശ് സഭയും  വിശ്വാസികളും തമ്മി ലുള്ള സുദൃഢബന്ധത്തെയും മുകുളങ്ങൾ ജീവന്റെ തുടിപ്പുകളെയുമാണ് സൂചിപ്പിക്കുന്നത്.ക്രിസ്തുവിന്റെ കുരിശിലൂടെ പുതുജീവൻ എന്ന മഹത്തായ സന്ദേശം ഇത് മാനവകുലത്തിന് നൽകുന്നു.

2015 മാർച്ച് 15 ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് വിശുദ്ധി യുടെ വിളനിലമായ നിത്യാപധനാ ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും പ്രഥമ ദിവ്യബലി അർപ്പി ക്കുകയും ചെയ്തു. ദൈവത്തിന്റെ കരുണക്കു മുമ്പിൽ നമുക്ക് പ്രണാമം അർപ്പിക്കാം.

നിത്യാരധനാ ചാപ്പൽ

ദു:ഖിതർക്കും, അശരണർക്കും, ആലംബഹീനർക്കും ശാന്തിയും സമാധാനവും കാംക്ഷിക്കുന്നവർക്കും ആരാധനാചാപ്പൽ ഒരു അത്താണിയാണ്. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ സമഗ്രസമർപ്പണം നടത്താനും ചാപ്പ ലിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പന്ത്രണ്ട് വിശുദ്ധരുടെ തിരുശേഷിപ്പുകളെ വണങ്ങാനും അവരോട് മാധ്യസ്ഥ്യം യാചിക്കാനുമുള്ള വിശുദ്ധിയുടെ ഈടുവയ്പുകേന്ദ്രമാണ് നമ്മുടെ ആരാധനാ ചാപ്പൽ. ഇത് കാലയവനിക ക്കുള്ളിൽ മായാതെ ഒളിവിതറുന്ന പുണ്യചരിത്രസ്മാരകമായി നിലകൊള്ളും. അനേകർക്ക് ആത്മനിർവൃതി യുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള ഒരിടമായി മാറും വരും തലമുറയ്ക്ക് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ക്രാന്തദർശികളായ ആത്മീയ പിതാക്കന്മാരുടെ മഹനീയ കരങ്ങളെ വിസ്മരിക്കുക വയ്യ.

അൾത്താരയുടെ ശിലാസ്ഥാപനം

വി. അന്തോനീസിന്റെ തിരുനാൾ ദിനമായ ജൂൺ 13 ന് ആന്റണി നാമധാരികളുടെ കൈകളിലൂടെ അൾത്താ രയിൽ സ്ഥാപിക്കാനുള്ള കല്ല് കൈമാറി അഭിവന്ദ്യ മാർ മാത്യുവട്ടക്കുഴി പിതാവ് അൾത്താരയുടെ ശിലാ സ്ഥാപന കർമ്മം നിർവ്വഹിച്ചു.

ചെങ്ങളം ഇടവകയുടെ ചരിത്രത്തിൽ തന്നെ അവിസ്മരണീയമായ ഒരു പുണ്യസുദിനമാണ് 2015 ജൂലൈ 26. 15 വർഷക്കാലം തുടർച്ചയായി സഹനപുത്രിയുടെ സവിധത്തിലേയ്ക്ക് സഹനയാത്ര നടത്തിയിരുന്ന നാനാ ജാതിമതസ്ഥരായ ബഹുസഹസ്രം ജനങ്ങൾ ത്യാഗസന്നദ്ധരായി പ്രാർത്ഥനയുടെയും ഉപവാസത്തിന്റേയും അതുല്യശക്തി സംഭരിച്ച് വി. അൽഫോൻസാമ്മയുടെ പുണ്യജീവിതനുസ്മരണ ഫ്ലോട്ടുകളുടെ അകമ്പടി യോടെ നടന്നു നീങ്ങിയത് ബ.പുതുമനയച്ചന്റെ ഫ്ളാഗ് ഓഫോടെയാണ്. കബറിടത്തിലെ ദിവ്യബലിയർപ്പ ണാനന്തരം വിശുദ്ധയുടെ തിരുശേഷിപ്പ് സ്വീകരിച്ച് മുഖ്യവാഹനത്തിനു പിന്നാലെ അനേകം വാഹനങ്ങ ളുടെ അകമ്പടിയോടെ ഭക്തിയുടെ നിറവിൽ നിത്യാരാധനാ ചാപ്പലിൽ പ്രതിഷ്ഠ നടത്തി. ഈ ധന്യ മുഹൂർത്തം നമുക്കെന്നും ഓർമ്മിക്കാം.

27-9-2015 സെപ്റ്റംബർ മുതൽ ഒക്ടോബർ 6വരെ അത്ഭുത പ്രവർത്തകനായ വി. അന്തോനീസിന്റെ നവ നാളും കല്ലിട്ട തിരുനാളും കുരിശടികളുടെ വെഞ്ചരിപ്പു കർമ്മവും നടത്തപ്പെട്ടു. അഭിവന്ദ്യമാർ മാത്യു അറ യ്ക്കൽ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്തു പിതാവാണ് ഭാവന സമ്പുഷ്ടമായ കുരിശടിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചത്. തുടർന്ന് മേടയ്ക്കൽ കുരിശടിയി ലേയ്ക്ക് പ്രദക്ഷിണം നടന്നു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് അവിടെയുള്ള വി. യൗസോപ്പിതാ വിന്റെ നാമത്തിലുള്ള കുരിശടിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയിലെ കേരളത്തിന്റെ പാദുവ എന്നറിയപ്പെടുന്ന വിശുദ്ധ അന്തോനീസിന്റെ ദൈവാ ലയത്തെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയുടെ നിർദ്ദേശാനുസരണം കരുണയുടെ വർഷ ത്തിന്റെ തീർത്ഥാടന കേന്ദ്രമായി നിശ്ചയിക്കുകയും കരുണയുടെ കവാടം തുറക്കുകയും ചെയ്തു. 2015 ഡിസംബർ 13-ാം തീയതി ഞായറാഴ്ച രൂപതാ വികാരി ജനറാൾ വെ. റവ. ഫാ മാത്യു പായിക്കാട്ടാണ് നിത്യാരാധന ചാപ്പലിലെ കരുണയുടെ വാതിൽ തുറന്ന് കരുണയുടെ വർഷത്തിന് സമാരംഭം കുറിച്ചത്.

ദൈവകരുണയുടെ തീർത്ഥാടന കേന്ദ്രമായ സെന്റ് ആന്റണീസ് ദൈവാലയത്തിൽ അത്ഭുത പ്രവർത്തക നായ വിശുദ്ധ അന്തോനീസിന്റെ തിരുനാളും നൊവേനയും 2016 ഫെബ്രുവരി 2 മുതൽ ഭക്ത്യാദരപൂർവ്വം നട ത്തപ്പെട്ടു. എല്ലാ ദിവസവും ആഘോഷമായ വി.കുർബാനയും നൊവേനയും സന്ദേശവും വിശേഷാൽ ക്ഷണി ക്കപ്പെട്ട വൈദികരുടെ കാർമ്മികത്വത്തിൽ നടത്തിപ്പോന്നു. 11-2-2016 വ്യാഴാഴ്ച നാലുമണിക്ക് കൊടിയേറ്റു

കർമ്മം നിർവ്വഹിച്ചത് കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവാണ്. വി.അന്തോനീസിന്റെ ദാരിദ്ര്യാരൂപി, അഗാധവിശുദ്ധിയുടെ വിളനിലമായ വി. അന്തോനീസ്, വി. അന്തോനീസിന്റെ മാതൃഭക്തി, അത്ഭുതപ്രവർത്തകനായ വി. അന്തോനീസ്, വി. അന്തോനീസ് കരുണയുടെ വാതിൽ കടന്നവൻ തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള പ്രബോധനങ്ങൾ വിശുദ്ധനെ അടുത്തറിയാനും വിശ്വാസം ഉദ്ദീപ്തമാക്കാനും ഉപകരിച്ചു. k t \ l hncp ¶ CSh l bpsS lq«mbasb hnfn¨dnbn ¡ p ¶ Xpw l emk Ôy Xncp \ mfn \ angnt h I p ¶ Xpambncp ¶ p. ജപമാല പ്രദക്ഷിണവും നൊവേനയിലെ ഭക്തരുടെ ഭാഗഭാഗിത്വവും തിരുനാളിലെ ജനപങ്കാളിത്തവും ചെങ്ങളത്തിന് കൈമോശം വന്ന പൂർവ്വകാല ഐശ്വര്യത്തിന്റെ പുനരാഗമനത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

(അദ്ധ്വാനം ആരാധനയാണ് എന്ന മഹത് സന്ദേശം ചെറുപ്പക്കാരിൽ എത്തിക്കാനും അധ്വാനാഭിമുഖ്യം വളർത്താനും വേണ്ടി കർഷക കമ്മറ്റിയുടെ നേതൃത്വത്തിൽ കുട്ടികർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി പോരുന്നു.)എന്നതും പ്രത്യേകം പ്രസ്താവ്യമാണ്

നന്ദിപ്രകാശനം

ചെങ്ങളം ഇടവകയിലെ ആത്മീയ ഭൗതികമേഖലകളുടെ സമ്പൂർണ്ണ വളർച്ചയ്ക്കു വേണ്ടി തന്റെ ശേഷിയും ശേമൂഷിയും സമഗ്രമായി സമർപ്പിച്ച് നിറസാന്നിധ്യമായി മാറി അനുസ്യൂതം അധ്വാനിച്ചു കൊണ്ടിരിക്കുന്ന ബ. മാത്യു പുതുമനയച്ചനും രണ്ടുവർഷക്കാലമായി തന്റെ സമ്പൂർണ്ണ സിദ്ധികളും ചെങ്ങളം ഇടവകയ്ക്കു വേണ്ടി അർപ്പിച്ച് നിഷ്കാമകർമ്മം നിർവഹിച്ചുകൊണ്ടിരിക്കുന്ന ടോം പാറയ്ക്കലച്ചനും ഇടവക ജനത്തിന്റെ നിസ്സീമവും നിർവ്യാജവുമായ നന്ദി നേരുന്നു. ദൈവാലയത്തിന്റെ പുനർ നിർമ്മാണ ആരംഭം മുതൽ നമ്മുടെ ഇടവകയിൽ അസി. വികാരിമാരായി സേവനം ചെയ്ത ബഹുമാന്യരായ ഫാ. ജിനോ വാഴയിൽ, ഫാ. ജിൻസ് കിഴക്കയിൽ എന്നിവരെയും ബഹുമാന്യരായ ഫാ. ആന്റണി ചെന്നക്കാട്ടു കുന്നേൽ എന്നിവരെയും വിശിഷ്യാനിർമ്മാണകാലഘട്ടത്തിൽ രണ്ടുവർഷം സേവനമനുഷ്ഠിച്ച ബ. ഫാ കുര്യാക്കോസ് വടക്കേടത്തച്ചനേയും നന്ദിയോടെ സ്മരിക്കാം. അവരുടെ ത്യാഗത്തിന്റെ മുമ്പിൽ നമുക്ക് നമ്രശിരസ്കരാവാം.

സ്വന്തം കുടുംബകാര്യങ്ങൾ പോലും അവഗണിച്ചുകൊണ്ട് സമൂഹത്തോടും ഇടവകയോടുമുള്ള പ്രതിബദ്ധത കണക്കിലെടുത്ത് ത്യാഗോജ്ജ്വല സേവനം നടത്തിക്കൊണ്ടിരിക്കുന്ന ബ. കൈക്കാരന്മാർ ജോസഫ് വർക്കി ഇടയോടിയിലിനേയും സി.വി.തോമസ്സ് ചെങ്ങളത്തിനേയും തോമസ് ആന്റണി തറപ്പേലിനേയും നിറഞ്ഞ നന്ദിയോടെ സ്മരിക്കട്ടെ. ദൈവാലയത്തിന്റെ പുനർ നിർമ്മാണകാലഘട്ടത്തിൽ കൈക്കാരനായിരുന്ന വി.ജെ ആന്റണി ഇടപ്പാടിക്കരോട്ടിനെയും നന്ദിയോടെ സ്മരിക്കുന്നു.

ദൈവാലയ പുനർനിർമ്മാണത്തോടനുബന്ധിച്ച് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹുമാന്യരായ മുഴുവൻ കമ്മിറ്റി ഭാരവാഹികൾക്കും നിർമ്മാണ കമ്മറ്റി കൺവീനർ ആന്റോജീരകത്തിനും മറ്റ് സംഘാടകർക്കും സുമനസുകളായ നാട്ടുകാർക്കും ബഹുമാന്യരായ പി. ആർ. ഒ ടോമി ഇടയാടിക്കും കണക്കുകാര്യങ്ങൾ കൈകാര്യംചെയ്യുന്ന സിബി കല്ലനാനിക്കും ദൈവാലയ ശുശ്രൂഷി ജോമോൻ മൂന്നു പിടികയിലിനും ഒരിക്കൽകൂടി നന്ദിയുടെ നറുമലരുകൾ സമർപ്പിക്കുന്നു.

ദൈവാലയ- പുനർനിർമ്മാണ കാലഘട്ടത്തിൽ നമ്മോടൊത്ത് പ്രവർത്തിക്കുകയും നമ്മിൽ നിന്ന് വേർപിരിയുകയുംചെയ്ത എബ്രഹാം പുത്തൻ പുരയ്ക്കൽ, ബേബിച്ചൻ പുൽത്തകിടിയേൽ, എന്നിവരുടെ പാവന സ്മരണക്കുമുമ്പിൽ നമുക്ക് അഞ്ജലീ ബദ്ധരായി ശിരസ്സ് നമിക്കാം.